മിർസാ ഗുലാം അഹ്മദ്

# നദ്‌വത്തുകാർക്കൊരുപഹാരം



10/-

# നദ്‌വത്തുകാർക്കൊരുപഹാരം


**മിർസാ ഗുലാം അഹ്മദ്**

വിവർത്തകൻ:

**അഹ്മദ് റശീദ് ആയഞ്ചേരി**



**അഹ്മദിയ്യ മുസ്‌ലിം സംസ്ഥാന സമിതി,**

ജി. എച്ച്. റോഡ്,

കോഴിക്കോട് – 673001.

NADVATHUKARKKORUPAHARAM
(Malayalam Translation of the Thuhfathunnadhva)
Religion
Author :
HAZRAT MIRZA GHULAM AHMAD, QADIAN
Translated by :
MOULANA AHMAD RASHEED AYANCHERI,
KARUNAGAPPALLY
Assisted by :
MOULVI MUHAMMAD ISMAIL
ALLEPPEY
Type Setting :
DIVINE D T P
Printed at :
DIVINE OFFSET PRINTERS, KANNUR - 1
Publishers :
AHMADIYYA MUSLIM SUBAI COMMITTEE
G. H. Road, Kozhikode - 673001
KAMP / 1995 / 2000

# പ്രസ്താവന

എനിക്ക് ഏറ്റവും പ്രിയങ്കരരായ എന്റെ മാതാപിതാക്കളുടെ പാവനസ്മരണക്കുമുന്നിൽ ഞാൻ ഈ വിശിഷ്ടോപഹാരം സവിനയം സമർപ്പിക്കുന്നു. അവർക്ക് വേണ്ടി! ഏറ്റവും ഉചിതമായ ഈ സൽക്കർമ്മം ചെയ്യാൻ എന്നെ സഹായിച്ച സർവ്വശക്തനായ അല്ലാഹുവിന്നാണ് സർവ്വസ്തുതിയും. അൽഹംദുലില്ലാഹ്.

എന്റെ പ്രിയമാതാവ് ഞങ്ങളുമായി വിട്ടുപിരിഞ്ഞതിനെക്കുറിച്ച് എനിക്ക് നേരിയ ഓർമ്മ മാത്രമേയുള്ളൂ. അവരുടെ വിയോഗം സംഭവിക്കുമ്പോൾ ഞാൻ മൂന്ന് വയസ്സ് മാത്രം തികഞ്ഞ ഒരു കൊച്ചുകുട്ടിയായിരുന്നു. ഉമ്മയെക്കുറിച്ചുള്ള സ്മരണകൾ വിഷാദത്തിന്റെ ഒരു കടലായി എന്റെ മനസ്സിൽ നിറഞ്ഞൊഴുകിയിരുന്നു. ഇന്നിപ്പോൾ ഉമ്മക്കായി വാഗ്ദത്തമസീഹിന്റെ ഈ മഹദ്ഗ്രന്ഥം സമർപ്പിക്കുമ്പോൾ എനിക്ക് നന്നേ ചെറുപ്പത്തിൽത്തന്നെ നഷ്ടപ്പെട്ട മാതൃലാളനയുടെ ദുഖം മറക്കാൻ കഴിയുന്നു. എന്റെ പ്രിയമാതാവിന് ആത്മീയ നിർവൃതിക്കും സ്വർഗ്ഗീയാനുഭൂതിക്കും ഇതുകാരണമാവുമാറാകട്ടെ! ആമീൻ.

എന്റെ പ്രിയ പിതാവ് അഹ്ലുഹദീസ് വിഭാഗത്തിൽ ഉറച്ചു വിശ്വസിച്ച ആളായിരുന്നു. ഈസാനബിയുടെ വഫാത്തിൽ അദ്ദേഹത്തിന് സംശയമേ ഉണ്ടായിരുന്നില്ല. ഹസ്രത്ത് അഹ്മദ് (അ) ഒരു മുജദ്ദിദാണെന്നും ഇസ്ലാമിന്നുവേണ്ടി ത്യാഗം ചെയ്ത കർമ്മപുരുഷനാണെന്നും അദ്ദേഹത്തിനഭിപ്രായമുണ്ടായിരുന്നു. അഹ്മദിയ്യാ സാഹിത്യം അദ്ദേഹം വാങ്ങുകയും വായിക്കുകയും ചെയ്തു. എങ്കിലും അദ്ദേഹത്തിന് അഹ്മദിയാവാൻ സൗഭാഗ്യം ലഭിച്ചില്ല. തന്റെ മനസ്സിൽ രൂഢമൂലമായ ചില പഴയവിശ്വാസങ്ങളെ പിഴുതെടുത്ത് അഹ്മദിയ്യത്തിന്റെ പൂർണ്ണശോഭ ഉൾക്കൊള്ളാൻ അദ്ദേഹത്തിന് കഴിയാതെ പോയി. 1955ലാണ് അദ്ദേഹം ചരമം പ്രാപിച്ചത്. കേരളത്തിൽ അഹ്മദിയ്യാ പ്രസ്ഥാനം വളർച്ചയുടെ പടവു

കൾ കയറാൻ തുടങ്ങുമ്പോൾ തന്നെ ഈ ലോകത്തോട് വിടപറഞ്ഞ എന്റെ പിതാവ് നിശ്ശബ്ദമായെങ്കിലും അഹ്മദിയ്യത്തിന്റെ സത്യം ഉൾക്കൊണ്ടിരുന്നുവെന്ന് ഞാൻ കരുതുന്നു.



ശഫിഅഹ്മദ്

വാഗ്ദത്ത മസീഹിന്റെ സാഹിത്യരത്നാകാരത്തിലെ ഒരു അതുല്യകൃതി പ്രകാശനം ചെയ്യാൻ സൗഭാഗ്യം ലഭിച്ച ഈ ശുഭ സന്ദർഭത്തിൽ എന്റെ മാതാപിതാക്കൾക്ക് അല്ലാഹു പരമമായ കാരുണ്യം നൽകുമാറാകട്ടെ! ആമീൻ.

# രണ്ടുവാക്ക്

അല്ലാഹുവിന്റെ മസീഹും മഹ്ദിയുമായ ഹസ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ)യുടെ അറബി ഭാഷയിൽ വിരചിതമായ ഗ്രന്ഥങ്ങൾ മലയാള ഭാഷയിലേക്ക് ഭാഷാന്തരം ചെയ്യണമെന്നുള്ളത് എന്റെ ചിരകാലാഭിലാഷമാണ്. 'മവാഹിബുർറഹ്മാൻ' അച്ചടിച്ചു വന്നതോടെ അതിന് തുടക്കം കുറിച്ചു കഴിഞ്ഞു. അനുവാചകരിൽ നിന്ന് ഹാർദമായ സ്വീകരണമാണ് ആ മഹനീയ ഗ്രന്ഥത്തിന് ലഭിച്ചത്. അൽഹംദുലില്ലാഹ് സുമ്മ അൽഹംദുലില്ലാഹ്.

ഇപ്പോൾ 'തുഹ്ഫത്തുന്നദ്‌വ' എന്ന ചെറു ഗ്രന്ഥത്തിന്റെ തർജമയും നിങ്ങളുടെ കൈയിൽ എത്തിക്കഴിഞ്ഞു. ഇതിൽ 'അത്തബ്‌ലീഗ്' എന്ന ഭാഗം അറബിയിൽ നിന്നും ബാക്കി ഉർദുവിൽ നിന്നുമാണ് വിവർത്തനം ചെയ്തിട്ടുള്ളത്.

കാലത്തിന്റെ ഇമാം, തനിയ്ക്ക് അല്ലാഹുവിൽ നിന്നുണ്ടായ അനുഗ്രഹങ്ങളും നിഷേധികൾക്കുണ്ടായ വിപത്തുകളും സത്യാസത്യ വിവേചനത്തിനുള്ള തെളിവുകളും ഹ്രസ്വമായി ഇതിൽ രേഖപ്പെടുത്തുന്നു. തന്നെ അല്ലാഹു മുഹമ്മദീ ഉമ്മത്തിലെ മസീഹും മഹ്ദിയുമായി നിയോഗിച്ചിരിക്കുന്നുവെന്നും, തന്നെ വിശ്വസിക്കേണ്ടത് നിർബന്ധമാണെന്നും ബനൂ ഇസ്റാഈല്യർക്കായി വന്ന മൂസവി മസീഹ് മരിച്ചു പോയെന്നും തനിക്കുണ്ടായ വഹ്‌യുടെ അടിസ്ഥാനത്തിൽ അദ്ദേഹം വാദിക്കുന്നു. അല്ലാഹുവിൽ ആണയിട്ടു കൊണ്ട് അദ്ദേഹം

സധൈര്യം പ്രഖ്യാപിക്കുന്നു. സത്യാന്വേഷികൾക്ക് ഇതു മാർഗ ദർശനം നല്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇഅ്ജാസെ അഹ്മദീ എന്ന ഗ്രന്ഥത്തിന്റെ തർജമ കഴിഞ്ഞു. പുനഃപരി ശോധന നടന്നു വരികയാണ്. അതിനോടൊപ്പം അൽഹുദാ എന്ന ഗ്രന്ഥത്തിന്റെ തർജമയും നടക്കുന്നു.

മൗലവി മുഹമ്മദു ഇസ്മായീൽ സാഹിബാണ് എന്റെ വലംകൈയായി പ്രവർത്തിക്കുന്നത്. ജമാഅത്തുപരവും ഗാർഹി കവുമായ നൂറു കൂട്ടം പ്രവർത്തനങ്ങൾക്കിടയിലും ഇ തിനുവേണ്ടി അദ്ദേഹം സമയം കണ്ടെത്തുന്നുവെന്നത് ഇതി നോടുള്ള അദ്ദേഹത്തിന്റെ ആത്മാർഥമായ താൽപര്യത്തിന് ഉദാ ത്തമായ ഉദാഹരണമാണ്.

ഞാനിപ്പോൾ എൺപതിലാണുള്ളത്. രോഗിയുമാണ്. വാർധക്യ സഹജമായ ബലഹീനത വേറെയും. കൊച്ചു മുറിയി ലിരുന്ന് ഈ വലിയ കാര്യം ചെയ്യാൻ തൗഫീഖു തരുന്ന പടച്ച തമ്പുരാനെ എങ്ങനെ സ്തുതിക്കണമെന്നെനിക്കറിയില്ല. 'അൽഫ ള്ലു ലിൽമുതഖദ്ദിമി'. ഏതൊരു കാര്യവും അതു തുടങ്ങുന്നവ ന്നാണ് മഹത്വം എന്ന ആപ്തവാക്യം എനിക്കു സമാധാനം പക രുന്നു. കഴിഞ്ഞ നൂറു വർഷത്തിനുള്ളിൽ മസീഹ് മൗഊദിന്റെ അറബി ഭാഷയിലുള്ള ഗ്രന്ഥങ്ങൾ മലയാള ഭാഷയിലേക്ക് കൊ ണ്ടുവരാനുള്ള സംരംഭം തുടങ്ങി വയ്ക്കാൻ 'മവാഹിബുർറഹ് മാനി'ലൂടെ അല്ലാഹു എനിക്കു തൗഫീഖ് നല്കി. സർവ സ്തു തിയും അവനു മാത്രം.


മൗലവി മുഹമ്മദു ഇസ്മായീൽ സാഹിബിന്റെ ഇതിലേ ക്കുള്ള സഹകരണം അവാച്യം. രണ്ടു ശരീരമാണെങ്കിലും ഞങ്ങ ളുടെ ആത്മാവ് ഒന്നാണെന്ന് പറഞ്ഞാൽ അതിലൊട്ടും അതിശ

യോക്തി ഉണ്ടാവുകയില്ലെന്ന് ഞാൻ തുറന്ന് പറയാനാഗ്രഹിക്കുന്നു. അല്ലാഹു ഞങ്ങൾക്ക് ആരോഗ്യവും ആയുസ്സും പ്രദാനം ചെയ്യട്ടെ; നിങ്ങളും പ്രാർഥിക്കുക.

ഈ ഗ്രന്ഥത്തിന്റെ അച്ചടിച്ചെലവ് വഹിക്കുന്നത് പഴയങ്ങാടി ജമാഅത്തിലെ അംഗമായ ജനാബ് ശഫീ അഹ്മദ് സാഹിബാണ്. കാലത്തിന്റെ ഇമാമിനാൽ എഴുതപ്പെട്ട എല്ലാ ഗ്രന്ഥങ്ങളും മലയാളത്തിൽ ഭാഷാന്തരം ചെയ്യപ്പെടണമെന്ന് ആഗ്രഹിക്കുന്ന ആത്മാർഥ അഹ്മദിയാണ് അദ്ദേഹം. അല്ലാഹു അദ്ദേഹത്തിന് ആത്മീയവും ഭൗതികവുമായ അഭിവൃദ്ധി നല്കുമാറാകട്ടെ. ആമീൻ.

അമീറുൽ മുഅ്മിനീന്റെ അനുപമമായ പ്രോത്സാഹനവും പ്രാർഥനയും ഇതിനു പിന്നിലുണ്ട്. മൗലാന മുഹമ്മദു ഉമർ സാഹിബാണ് ഇതിന് അവതാരിക എഴുതീട്ടുള്ളത്. കേരള അമീർ എ.പി.കുഞ്ഞാമു സാഹിബിന്റെ കറയറ്റ ഉപദേശ നിർദേശങ്ങളും ഇത്തരുണത്തിൽ സ്മരിക്കുന്നു; മറ്റു ഗുണകാംക്ഷികളുടേയും.

അല്ലാഹു അവന്റെ കാരുണ്യത്തിൽ എന്നെന്നും നമ്മെ നിറുത്തുമാറാകട്ടെ. ആമീൻ.



മൗലവി അഹ്മദ് റശീദ്
ആയഞ്ചേരി

# അവതാരിക

വാഗ്ദത്ത മഹ്ദീ മസീഹായവതീർണ്ണരായ ഹസ്റത്ത് അഹ്മദ് അലയ്ഹിസ്സലാമിന്റെ 'തുഹ്ഫത്തുന്നദ്വ' (നദ്വത്തു കാർക്കൊരുപഹാരം) എന്ന ഈ കൃതി 1902 ഒക്ടോബർ ആറാം തീയതിയാണ് പ്രസിദ്ധീകരിച്ചത്. പ്രസ്തുത കൃതിയുടെ രചന ക്കുണ്ടായ കാരണം, 1902 ഒക്ടോബർ 9,10,11 തീയതികളിൽ അമൃതസറിൽ ചേർന്ന നദ്വത്തുൽ ഉലമായുടെ സമ്മേളന ത്തോടനുബന്ധിച്ച് ഹാഫിസ് മുഹമ്മദു യൂസുഫ് എന്നയാൾ 1902 ഒക്ടോബർ രണ്ടാം തീയതി പ്രസിദ്ധപ്പെടുത്തിയ ഒരു വിളം ബരമായിരുന്നു. അതിൽ, വ്യാജനുബുവ്വത്ത് വാദികളിൽ ചിലർ റസൂൽ തിരുമേനി സല്ലല്ലാഹു അലയ്ഹി വസ്സല്ലമയുടെ നുബു വ്വത്തിന്റെ കാലയളവായ ഇരുപത്തി മൂന്ന് വർഷവും അതിലധി കവും ജീവിച്ചിരുന്നുവെന്നും, അതു കൊണ്ട് ഇത് ഒരു നുബു വ്വത്തു വാദിയുടെ സത്യത്തിനുള്ള തെളിവാകുകയില്ലെന്നും വാ ദിച്ചിരുന്നു.

കൂടാതെ ഹാഫിസ് സാഹിബ് തന്റെ വിളംബരത്തിൽ ഹസ്റത്ത് വാഗ്ദത്ത മസീഹിനോട് 1902 ഒക്ടോബർ 9 മുതൽ അമൃത്സറിൽ ചേരുന്ന നദ്വത്തുൽ ഉലമായുടെ സമ്മേളന ത്തിൽ പങ്കെടുക്കുവാനും പ്രസ്തുത പണ്ഡിതൻമാരുടെ വാദ ങ്ങൾ കേട്ടതിനു ശേഷം തന്റെ വാദത്തിൽ നിന്നും പശ്ചാ ത്തപിച്ചു മടങ്ങുവാനും ആവശ്യപ്പെട്ടു. ഇതിന്ന് മറുപടിയായി പ്രസ്തുത 'തുഹ്ഫത്തുന്നദ്വ' യിൽ അദ്ദേഹം ഇപ്രകാരമെ ഴുതി:

"അമൃതസറിൽ സംഘടിപ്പിക്കുന്ന പ്രസ്തുത സമ്മേള നത്തിൽ പങ്കെടുക്കുവാൻ എനിക്കു നിവൃത്തിയില്ലെന്നറിയിച്ചു

കൊള്ളുന്നു. കാരണം, അക്കൂട്ടരെ സംബന്ധിച്ച് നല്ല ധാരണയല്ല എനിക്കുള്ളത്. ഞാനവരെ ദൈവഭക്തിയുള്ളവരായിട്ടു മനസ്സിലാക്കുന്നില്ല. അവർക്ക് ഖുർആനികജ്ഞാനം ഉണ്ടെന്നും ഞാൻ കരുതുന്നില്ല. ആ സ്ഥിതിയിൽ ഞാനവരെ വിധികർത്താക്കളായിട്ടെന്തിന്നംഗീകരിക്കണം?. എന്നാൽ, അവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഏതാനും മൗലവിമാർ സത്യാന്വേഷണാർഥം ഖാദിയാനിൽ വരികയാണെങ്കിൽ അവരെ സംസാരത്തിലൂടെ സത്യം ഗ്രഹിപ്പിക്കുവാൻ ശ്രമിക്കുന്നതാണ്. ഇതിന് നിങ്ങൾ തയ്യാറില്ലെങ്കിൽ അല്ലാഹുവിന്റെ പ്രവൃത്തികൾ മുറപോലെ നടക്കുന്നുണ്ട്. ഒരെതിരാളിക്കും അതിനെ തടയുവാനാവില്ല. ശത്രുക്കളിൽ നിന്ന് വിധി തേടുന്നതിന്നെന്തർഥമാണുള്ളത്?''

ഹാഫിസ് സാഹിബ് തന്റെ വിളംബരത്തിൽ വ്യാജനുബുവ്വത്ത് വാദികൾ തങ്ങളുടെ വാദത്തിനു ശേഷം 23 വർഷത്തിലേറെക്കാലം ജീവിച്ചിരുന്നുവെന്നെഴുതിയതിനു ഹസ്റത്ത് അഹ്മദ് (അ) ഈ കൃതിയിലൂടെ വ്യക്തമായ മറുപടി നല്കിയിരിക്കുന്നു.

അദ്ദേഹം ഹാഫിസ് സാഹിബിന്റെ പ്രസ്തുത വിളംബരത്തിനുള്ള ഈ മറുപടി പ്രസിദ്ധീകരിച്ചതിനു ശേഷം നദ്വത്തുൽ ഉലമായുടെ സമ്മേളനത്തിൽ പങ്കെടുക്കാൻ ഖാദിയാനിൽ നിന്ന് അഞ്ചു ആലിംകൾ അടങ്ങുന്ന ഒരു സംഘത്തെ അമൃതസറിലേക്ക് അയച്ചു. എന്നാൽ, ഹാഫിസ് സാഹിബ് പ്രസ്തുത വിളംബരം തങ്ങളുടെ അനുവാദവും അറിവും കൂടാതെയാണ് പ്രസിദ്ധീകരിച്ചതെന്നും തങ്ങൾക്ക് ഇതുമായി ഒരു ബന്ധവുമില്ലെന്നും നദ്വയുടെ സെക്രട്ടറി അറിയിച്ചു. ഇതു കേട്ട സംഘാംഗങ്ങൾ അവിടെ കൂടിയിരുന്ന ആലിംകൾക്ക് തബ്ലീഗ് ചെയ്യുകയും അവർക്കിടയിൽ ഈ ഉപഹാരം വിതരണം ചെയ്യുകയും ചെയ്തു.

മൂല കൃതിയിലടങ്ങിയിരിക്കുന്ന കാര്യങ്ങളിലേക്ക് കേരളത്തിലെ പണ്ഡിതൻമാരുടേയും സാധാരണക്കാരുടേയും ശ്രദ്ധ ക്ഷണിക്കുന്നതിനായി എന്റെ ഗുരുഭൂതരും സർവ്വാദരണീയനുമായ മൗലാനാ അഹ്മദുറശീദ് സാഹിബ് പ്രസ്തുത കൃതി മലയാളത്തിൽ ഭാഷാന്തരം ചെയ്തിരിക്കുകയാണ്. കേരളത്തിലെ പ്രഗല്ഭ അറബി പണ്ഡിതരിൽ ഒരാളായ മൗലാന സാഹിബ്, ഹസ്റത്ത് മഹ്ദീ മസീഹിന്റെ അറബി ഗ്രന്ഥങ്ങൾ മലയാളത്തിൽ വിവർത്തനം ചെയ്യുക എന്ന ആത്മീയ യജ്ഞത്തിലാണുള്ളത്. വാഗ്ദത്ത മസീഹിന്റെ അറബി ഗ്രന്ഥമായ 'മവാഹിബുർറഹ്മാൻ' ഇദ്ദേഹം വിവർത്തനം ചെയ്ത് നിങ്ങളുടെ കൈയിലെത്തിച്ചു കഴിഞ്ഞു. തുഹ്ഫത്തുന്നദ്‌വയ്ക്കു ശേഷം ഇഅ്ജാസ് അഹ്മദിയുടെ മിനുക്ക് പണിയിലാണിപ്പോൾ. ഒപ്പം 'അൽഹുദാ'യുടെ വിവർത്തനവും നടക്കുന്നു. ഈ സദുദ്യമത്തിൽ അദ്ദേഹത്തെ മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് പരിപൂർണ്ണമായി സഹായിച്ചു കൊണ്ടിരിക്കുന്നു. അല്ലാഹു ഇരുവർക്കും തക്ക പ്രതിഫലം നല്കി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

മൗലാനാ സാഹിബ് ഖാദിയാനിലെ ജാമിഅ അഹ്മദിയ്യായിൽ പ്രൊഫസറായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കാനുള്ള സൗഭാഗ്യം എനിക്കു ലഭിച്ചിരുന്നു. ആ ഗുരുശിഷ്യ ബന്ധത്തിന്റെ പേരിലാണു പുസ്തകത്തിന്നൊരവതാരിക എഴുതാൻ അദ്ദേഹം എന്നോടാവശ്യപ്പെട്ടത്.

ഈ കൃതി സത്യാന്വേഷികൾക്ക് ഒരു മാർഗദീപമായി തീരട്ടെ എന്നു പ്രാർഥിക്കുന്നു.

മുഹമ്മദ് ഉമർ. എച്ച്. എ,

കോഴിക്കോട്.



മിർസാ ഗുലാം അഹ്മദ്

# അത്തബ്‌ലീഗ്

അല്ലയോ നദ്‌വത്തുകാരേ, ഞങ്ങൾക്കും നിങ്ങൾക്കു മിടയിൽ തുല്യസമ്മതമായ ഒരു കാര്യത്തിലേക്ക് നിങ്ങൾ വരുവിൻ. അതായത് വിശുദ്ധ ഖുർആനെയല്ലാതെ മറ്റൊന്നി നേയും നമ്മുടെ വിധികർത്താവായി നമ്മളംഗീകരിക്കുകയോ റഹ്മാനായ റബ്ബിന്റെ വചനത്തോടു യോജിക്കാത്തത് സ്വീക രിക്കുകയോ ചെയ്യരുത്. ഇതാകുന്നു ശാശ്വത സത്യത്തിൽ അധിഷ്ഠിതമായ അവന്റെ മതം.

അല്ലയോ ഞെളിഞ്ഞ് നടക്കുന്നവരേ, എല്ലാ ഉത്തമ മാർഗത്തിനും വിശുദ്ധ ഖുർആൻ മുഖേന മുദ്രവയ്ക്കപ്പെട്ടി രിക്കുന്നു. അതിൽ നിലനില്ക്കുന്നതായ മത വിധികളും പു ലരാനുള്ള വാർത്തകളും കഴിഞ്ഞുകടന്ന സത്യങ്ങളുമുണ്ട്. അപ്പോൾ ഇതിനുമപ്പുറം മറ്റേതൊരു വൃത്താന്തത്തിലാണ് നി ങ്ങൾ ആശ്വാസം കണ്ടെത്തുന്നത്.

അല്ലയോ ഭക്തജനങ്ങളേ, സകല നൻമകളും കുടി കൊള്ളുന്നത് വിശുദ്ധ ഖുർആനിലാണ്. അതിന് വിരുദ്ധമായി ട്ടുള്ള ഹദീസുകളെല്ലാം ഏറ്റവും നാശകരമാണെന്ന് മനസ്സി ലാക്കുകയും അതിനെ വർജിക്കുകയും ചെയ്യുക. വിശുദ്ധ

ഖുർആൻ വിഭാവനം ചെയ്യുന്ന സൻമാർഗത്തോടും അതിലെ ചരിത്ര കഥനങ്ങളോടും യോജിക്കാത്ത കാര്യങ്ങൾ തള്ളപ്പെട്ട ചപ്പുചവറുകളാണ്. ദുർജനമല്ലാതെ അത് സ്വീകരിക്കുകയില്ല. മസീഹ് ഞാൻ തന്നെയാകുന്നു. എന്റെ ചലനവും സഞ്ചാര വുമെല്ലാം സത്യാധിഷ്ഠിതമാണ്. അല്ലാഹുവിനു വേണ്ടി ഞാൻ ഉച്ചൈസ്തരം വിളിക്കുന്നു. ശക്തിയോടെ ശബ്ദിക്കുന്നു. അവന്റെ നാളുകളെക്കുറിച്ച് നിങ്ങളെ ഓർമിപ്പിക്കുന്നു. അപ്പോൾ, ഉപദേശം കരസ്ഥമാക്കാൻ നിങ്ങൾ തയ്യാറുള്ളവ രാണോ? നിശ്ചയമായും എന്റെ റബ്ബിൽ നിന്നുള്ള വ്യക്തമായ ദൃഷ്ടാന്തങ്ങളുമായിട്ടാണ് ഞാൻ നിങ്ങളുടെയടുക്കൽ വന്നി ട്ടുള്ളത്. നിങ്ങൾക്കു നല്കപ്പെടാത്ത ജ്ഞാനവും ഉൾകാ ഴ്ചയും എനിക്ക് നല്കപ്പെട്ടിരിക്കുന്നു.

നിങ്ങളെന്നെ നിഷേധിക്കുകയാണോ? നിങ്ങൾ എന്റെ യടുക്കൽ വരികയോ കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കു കയോ ചെയ്യുന്നില്ല. നിശ്ചയം ഈസാ (അ) മരിച്ചു പോയി. നി ങ്ങളുടെ ജീവാതുകൊണ്ടൊന്നും അദ്ദേഹം ഒരിക്കലും ജീ വിച്ചു വരികയില്ല.

അല്ലയോ എടുത്തുചാടുന്നവരേ, നിങ്ങൾ വിശുദ്ധഖുർ ആനെ കളവാക്കാതിരിക്കുക. അടിസ്ഥാന രഹിതമായ നിങ്ങ ളുടെ വാദം പോലെ അദ്ദേഹം ഖിയാമത്തുന്നാളിനു മുമ്പേ ഇറങ്ങിവരികയാണെങ്കിൽ, ക്രിസ്ത്യാനികളുടെ കുപഥ സഞ്ചാ രത്തെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെട്ടപ്പോൾ അദ്ദേഹം എ ന്തിനാണ് അത് നിഷേധിച്ചത്? നിങ്ങൾ ദർസുകൊടുക്കുന്നതു പോലെതന്നെ, ക്രിസ്തീയരുടെ വഴികേടിനെ സംബന്ധിച്ച് തനിക്കൊരു വിവരവുമില്ലെന്നല്ലേ അദ്ദേഹം പറഞ്ഞത്? തനിക്കു ശേഷം തന്റെ അധ്യാപനത്തിൽ ക്രിസ്ത്യാനികൾ എന്തൊക്കെ പുതിയതായി കൂട്ടി ചേർത്തുവെന്നും ദുൻയാ വിലേക്ക് തിരച്ചയക്കപ്പെട്ടപ്പോൾ അവർ ചെയ്തിരുന്നതൊക്കെ താൻ നേരിൽ കണ്ടുവെന്നും ഈസാ പറഞ്ഞില്ലല്ലോ?

'രക്ഷിതാവേ നിന്റെ അനുവാദത്തോടെ ഞാൻ ദുൻയാവിലേക്ക് മടങ്ങി ചെന്നു. അവരുടെയിടയിൽ നാല്പതു വർഷക്കാലം ജീവിച്ചു. എന്നേയും എന്റെ മാതാവിനേയും ആരാധിക്കുന്നവരായും അതിൽ അടിയുറച്ചു നില്ക്കുന്നവരായും ഞാനവരെക്കണ്ടു. അനന്തരം ഞാൻ അവരുടെ കുരിശുകളെല്ലാം ഉടച്ചു. ആ കാലഘട്ടത്തെ ഞാൻ പരിഷ്ക്കരിച്ചു. അവരിൽ ചിലരെ എനിക്ക് വധിക്കേണ്ടി വന്നു. അനേകംപേർ വിനയാന്വിതരായി നിന്റെ മതത്തിൽ പ്രവേശിച്ചു.' വാസ്തവത്തിൽ ഇതായിരുന്നില്ലേ അദ്ദേഹം അല്ലാഹുവിനോട് പറയേണ്ടിയിരുന്നത്. സംഗതി ഇങ്ങനെയായിരിക്കേ, ഒന്നുമറിയാത്തവനെപ്പോലെ എന്തിനാണ് അന്ത്യനാളിൽ കളവുപറയുന്നതെന്ന് നിങ്ങളുടെ ഈസായോടു നിങ്ങൾ തന്നെ ചോദിക്കുക.

അല്ലാഹുവിനെ സത്യം ചെയ്ത് ഞാൻ പറയുന്നു, ഞാൻ അവനിൽ നിന്ന് വന്നിട്ടുള്ളവനാണ്. നിങ്ങൾ സൂക്ഷ്മത കൈക്കൊള്ളുന്നവരാണെങ്കിൽ ഈ സത്യപ്രഖ്യാപനത്തെ സാരമാക്കുവിൻ. നിരവധി അടയാളം എനിക്ക് നല്കപ്പെട്ടു. ഞാൻ കൂടാതെയുള്ള എല്ലാ വഴികളും വിശുദ്ധ ഖുർആൻ അടച്ചു കഴിഞ്ഞിരിക്കുന്നു. അപ്പോൾ എവിടേക്കാണ് നിങ്ങൾ പിന്തിരിഞ്ഞോടുന്നത്. നൂറ്റാണ്ടിന്റെ തലയ്ക്കൽതന്നെയാണ് ഞാൻ വന്നിട്ടുള്ളതെന്ന് നിങ്ങൾ കാണുന്നില്ലേ? റമളാൻ മാസത്തിലെ സൂര്യചന്ദ്ര ഗ്രഹണം നിങ്ങൾ കണ്ടില്ലേ? അത് റഹ്മാനായ റബ്ബിൽ നിന്ന് എനിക്കുവേണ്ടി വെളിപ്പെട്ട രണ്ടടയാളമാണ്.പിന്നീട് അവൻ പ്ലേഗിനേയും ഇറക്കി. ഇതെല്ലാം അവൻ ചെയ്ത് കാണിച്ചത് ജനങ്ങൾ ചിന്തിച്ച് കാര്യം മനസ്സിലാക്കുന്നതിനുവേണ്ടിയാണ്. അല്ലാഹുവിന്റെ ഇത്തരം ദൃഷ്ടാന്തങ്ങൾ എന്തുകൊണ്ടു നിങ്ങൾ കാണാതെ പോകുന്നു. നിങ്ങളുടെ നയനങ്ങൾ ഇതെല്ലാം അടിമുടി നിരാകരിക്കുകയാണോ?

അല്ലയോ ജനങ്ങളേ, അല്ലാഹുവിൽ നിന്ന് നിരവധി അടയാളങ്ങളും അനേകം സാക്ഷ്യങ്ങളും എനിക്കു വേണ്ടി വെളിപ്പെട്ടിട്ടും വിശ്വസിക്കുവാനും അംഗീകരിക്കുവാനും എന്തുകൊണ്ട് നിങ്ങൾ തയ്യാറാവുന്നില്ല?– എന്റെ റബ്ബിന്റെ സാക്ഷ്യം നിങ്ങളെണ്ണുകയാണെങ്കിൽ അവ എണ്ണികണക്കാക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ല.

അല്ലയോ ധൃതികൂട്ടുന്നവരേ, അല്ലാഹുവിനെ ഭയപ്പെടുക. നിങ്ങളുടെ മനസ്സുകൾ ഇഷ്ടപ്പെടാത്ത സന്ദേശവുമായി നിങ്ങളുടെയടുക്കൽ ദൂതൻമാർ വരുമ്പോഴെല്ലാം അവരിൽ ചിലരെ നിങ്ങൾ നിഷേധിച്ചുതള്ളുകയും ചിലരെ കൊലപ്പെടുത്താൻ ശ്രമിക്കുകയുമല്ലേ നിങ്ങൾ ചെയ്യുന്നത്. ഞങ്ങളുടെ റബ്ബിൽ നിന്ന് ഞങ്ങൾക്ക്സഹായം നല്കപ്പെട്ടു.

അല്ലയോ വഞ്ചനയുമായി കറങ്ങിനടക്കുന്നവരേ, അത്തരം സഹായം അല്ലാഹുവിൽ നിന്ന് നിങ്ങൾക്ക് നല്കപ്പെടുന്നില്ല. നിങ്ങളുടെ ഫത്വകൾ കൊണ്ടും ഭരണാധിപൻമാരുടെ മുമ്പിൽ സമർപ്പിക്കപ്പെടുന്ന കളള നിവേദനങ്ങൾ കൊണ്ടും എന്നെ നശിപ്പിക്കാൻ നോക്കുകയാണോ? ഇതൊക്കെയായിട്ടും നിങ്ങൾക്ക് മാനസാന്തരം ഉണ്ടാകുന്നില്ല. 'ഞാനും എന്റെ റസൂൽമാരും വിജയിക്കുകതന്നെ ചെയ്യും' എന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു.

അല്ലയോ കലാപമുണ്ടാക്കുന്നവരേ, നിങ്ങൾക്കൊരിക്കലും അല്ലാഹുവിനെ തൃപ്തിപ്പെടുത്തുവാൻ സാധിക്കുകയില്ല. അല്ലാഹുവാണെ, ഞാൻ സത്യവാദി തന്നെയാണ്; തോന്ന്യാസം പുലമ്പുന്നവനല്ല. എന്നെ നിഷേധിക്കാൻ തന്നെയാണോ നിങ്ങളുടെ നീക്കം. നിങ്ങളുടെമേൽ ഹുജ്ജത്ത് അഥവാ ന്യായവിധി പൂർത്തിയായിരിക്കുന്നു. നിങ്ങൾ അല്ലാഹുവിലേക്ക് മടക്കപ്പെടുന്നവരല്ലേ? അതല്ല, നിങ്ങൾ നിങ്ങളുടെ 'മസീഹി'നെപ്പോലെ ചിരഞ്ജീവികളാണോ? സൂറത്തുന്നൂറിലും തഹ്‌രീമിലും ഫാതിഹഃയിലും നിങ്ങളൊട്ടും ചിന്തി

ക്കുന്നില്ല. നിങ്ങൾ അവ ഓതുന്നതിൽ മാത്രം നിർബന്ധിതരാണോ? ചിന്തിക്കുകയെന്നത് നിങ്ങൾക്ക് നിഷിദ്ധമായിപ്പോയോ?

നദ്വത്തുകാരേ, നിങ്ങളുടെ കണ്ണുകൾ തുറക്കണമെന്ന ഉദ്ദേശ്യത്തോടെ ഈ സന്ദേശം ഇതാ ഞാൻ അയക്കുന്നു. ഇതു മുഖേന നിങ്ങളുടെ മേൽ ഹുജ്ജത്ത് പൂർത്തിയാവുന്നതിനു തന്നെ. ഇനി പിണങ്ങിപ്പിരിയുകയോ തടസം പറഞ്ഞിരിക്കുകയോ ചെയ്തുകൊള്ളുക. ഇതിന് ഞാൻ പേരുവച്ചിട്ടുള്ളത് 'തുഹ്ഫത്തുന്നദ്‌വ' അഥവാ നദ്വത്തുകാർക്കൊരുപഹാരം എന്നാണ്.

ഇതാ നിങ്ങളുടെയടുത്തേക്ക് ഞാനെന്റെ ദൂതൻമാരെ അയക്കുന്നു. അവരെന്തും കൊണ്ട് തിരിച്ചു വരുമെന്ന പ്രതീക്ഷയിലാണ് ഞാൻ. ഹൃദയത്തിൽ അഹങ്കാരമില്ലാത്തവർക്ക് ഈ ഉപഹാരം അനുഗ്രഹമായിത്തീരട്ടെയെന്ന് ഞാൻ പ്രാർഥിക്കുന്നു. റബ്ബേ, നീയാണെന്റെ സാക്ഷി. കല്പിക്കപ്പെട്ടത് ഞാനെത്തിക്കുക തന്നെ ചെയ്തു. ഭയലേശമില്ലാതെ സന്ദേശമെത്തിച്ചു കൊടുക്കുന്നവരുടെ കൂട്ടത്തിൽ നീ എന്നേയും ഉൾപ്പെടുത്തേണമെ.

ആമീൻ ഥുമ്മ ആമീൻ.

# رسالہ تحفۃ الندوہ

بسم اللہ الرحمن الرحیم

نحمدہ ونصلی علی رسولہ الکریم

ہر دمم مددے از خدا ہمی آید
کجاست اہل بصیرت کہ چشم بکشاید

(അല്ലാഹുവിൽനിന്ന് നിമിഷന്തോറും എനിക്കു സഹായം വന്നുകൊണ്ടിരിക്കുന്നു. അതു കണ്ണുതുറന്നു കാണാൻ ഉൾക്കാഴ്ചയുള്ളവർ എവിടെ?).

## നദ്‌വത്തുകാർക്കൊരുപഹാരം

ഇന്ന്, 1902 ഒക്ടോബർ മാസം രണ്ടാം തീയതി ഒരു ലഘുലേഖ എനിക്കുകിട്ടി. അത് എന്നെ പരാമർശിച്ച് ഹാഫിള് മുഹമ്മദു യൂസുഫ് പെൻഷണർ പ്രസിദ്ധീകരിച്ചതാണ്. അതിൽ അദ്ദേഹം എഴുതുന്നു: "നബിയെന്നോ റസൂലെന്നോ ദൈവനിയുക്തനെന്നോ വാദിച്ചിട്ടുള്ള ആളുകൾ തങ്ങൾ മെനഞ്ഞെടുത്ത വാദത്തിൽ കൂടി ജനങ്ങളെ വഴിപിഴപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ ഇരുപത്തിമൂന്നു വർഷം വരെ – അത് നബി(സ) തിരുമേനിയുടെ നുബുവ്വത്തിന്റെ സമ്പൂർണ കാലഘട്ടമാണ്–എന്നല്ല അതിൽ കൂടുതൽ കാലം സുരക്ഷിതരായി ജീവിച്ചിട്ടുണ്ടെന്ന സംഗതി ഞാനൊരവസരത്തിൽ വാക്കാൽ

സമ്മതിച്ചിട്ടുള്ളതാണ്.'' തന്റെ ഈ വാദത്തിന് പിൻബലമായി അബൂ ഇസ്ഹാഖ് മുഹമ്മദുദ്ദീൻ എന്ന അദ്ദേഹത്തിന്റെ സുഹൃത്ത് 'ഖത്വഉൽവതീൻ' എന്ന പേരിൽ ചെറിയൊരു കൃതി രചിച്ചിട്ടുണ്ടെന്നും അതിൽ കള്ളവാദികളുടെ പേരും അവരുടെ വാദത്തിന്റെ കാലവും ചരിത്രപരമായ ഗ്രന്ഥങ്ങളുടെ ഉദ്ധരണങ്ങൾ ഉദ്ധരിച്ചു കൊണ്ട് സ്ഥാപിച്ചിട്ടുണ്ടെന്നും ഹാഫിള് സാഹിബ് ആ ലഘുലേഖയിലെഴുതിയിട്ടുണ്ട്.

അദ്ദേഹം പറഞ്ഞതിന്റെ ചുരുക്കം നമുക്കിങ്ങനെ മനസ്സിലാക്കാം. ഹാഫിള് സാഹിബിന് വിശുദ്ധ ഖുർആനിലെ وَلَوْ تَقَوَّلَ (69:45) എന്നു തുടങ്ങുന്ന വചനത്തിൽ അശേഷം വിശ്വാസമില്ല. അതംഗീകരിക്കാൻ അദ്ദേഹം തയ്യാറുമല്ല.

وَاِنْ يَّكُ كَاذِبًا فَعَلَيْهِ كَذِبُهُ

40:29[1] എന്ന വചനത്തിലുള്ള വിശ്വാസവും അദ്ദേഹത്തിന് നഷ്ടപ്പെട്ടിരിക്കുന്നു. കാരണം 'ഖത്വഉൽ വതീൻ' എന്ന ലഘുലേഖ വിശുദ്ധ ഖുർആനിലെ ഇത്തരം വചനങ്ങളെയെല്ലാം നിരാകരിക്കുകയാണ് ചെയ്തിട്ടുള്ളത്. അദ്ദേഹത്തിന്റെ പക്കൽ

وَقَدْ خَابَ مَنِ افْتَرٰي

---

1. അദ്ദേഹം കളവു പറയുന്ന ആളാണെങ്കിൽ അദ്ദേഹത്തിന്റെ കളവിനുള്ള ദോഷഫലം അദ്ദേഹത്തിനു തന്നെയായിരിക്കും.
2. കള്ളം കെട്ടിച്ചമയ്ക്കുന്നവർ പരാജയപ്പെടുക തന്നെ ചെയ്യും.
3. അല്ലാഹുവിന്റെമേൽ അസത്യം കെട്ടിച്ചമയ്ക്കുന്നവർ വിജയികളാവുകയില്ലതന്നെ.

20:62[2] എന്ന വചനവും

إِنَّ الَّذِينَ يَفْتَرُونَ عَلَى اللَّهِ الْكَذِبَ لَا يُفْلِحُونَ

16:117[3] എന്ന വചനവും

فَبَدَّلَ الَّذِينَ ظَلَمُوا قَوْلًا غَيْرَ الَّذِي قِيلَ لَهُمْ فَأَنزَلْنَا عَلَى الَّذِينَ ظَلَمُوا رِجْزًا مِّنَ السَّمَاءِ

2:60[4] എന്ന വചനവുമെല്ലാം കാലഹരണപ്പെട്ടു പോയിരിക്കുന്നു. അതൊന്നും ഇപ്പോൾ വിശ്വസിക്കേണ്ടത് നിർബന്ധമുള്ള കാര്യമല്ല. പ്രസ്തുത വചനങ്ങളുടെ കൂട്ടത്തിൽ, 'ഈ നബി ചില കാര്യങ്ങൾ എന്റെ മേൽ കെട്ടിച്ചുമത്തിയിരുന്നെങ്കിൽ ഞാനവനെ പിടിക്കുകയും അവന്റെ ജീവനാഡി അറുത്തുകളയുകയും ചെയ്യുമായിരുന്നു' എന്ന ദൈവികവചനവും ഉൾപ്പെടുന്നു.

അതായത്, ഉപര്യുക്ത ഖുർആനിക സൂക്തങ്ങളെല്ലാം 'ഖത്വഉൽവതീൻ' എന്ന കൃതി മുഖേന റദ്ദായിപ്പോയിരിക്കുന്നുവെന്നും; അല്ലാഹുവിന്റെ പേരിൽ കെട്ടിച്ചമച്ചു പറയുന്നവരെ സംബന്ധിച്ച് ആ വചനങ്ങളിൽ അല്ലാഹു പറഞ്ഞ കാര്യങ്ങളെല്ലാം വസ്തുതയ്ക്ക് നിരക്കാത്തതാണെന്നും തന്നെ. ആ നബിമാരെല്ലാം (അലയ്ഹി മുസ്സലാം) നഊദുബില്ലാഹ് കെട്ടിച്ചമച്ച് പറയുന്നവരായാൽ പോലും ഹാഫിള് സാഹിബിന്റെ അഭിപ്രായ പ്രകാരം അവർ നാശമടയുമായിരുന്നില്ല.! അതായത് അല്ലാഹുവിന്റെ സർക്കാറിൽ കെട്ടിച്ചമച്ചു പറയു

4. എന്നാൽ അധർമം പ്രവർത്തിച്ചവർ അവരോടു പറയപ്പെട്ടിട്ടില്ലാത്ത മറ്റൊരുവാക്കായി (അതിനെ) മാറ്റി. അതിനാൽ ആ അധർമികളുടെ മേൽ നാം ആകാശത്തുനിന്ന് ശിക്ഷയിറക്കി.

ന്നവർക്കായി ഒരു വ്യവസ്ഥയുമില്ല.! അവിടെ സകല വഞ്ചകർക്കും സൈ്വരമായി വിഹരിക്കാം.!

അപ്പോൾ ഒരു സംശയം അവശേഷിക്കുന്നുണ്ട്. ഈ ലോകത്ത് അല്ലാഹുവിന്റെ പേരിൽ നബിമാരാരെങ്കിലും എന്തെങ്കിലും കെട്ടിയുണ്ടാക്കി പറഞ്ഞാൽപോലും അവർക്കിവിടെ ഒരു ശിക്ഷയും ഉണ്ടാകുകയില്ലേ? അങ്ങനെ വരുമ്പോൾ അല്ലാഹുവിന്റെ നിയമ വ്യവസ്ഥിതിയെക്കാൾ ഉന്നതമാണ് മനുഷ്യ നിർമിതമായ സർക്കാറിന്റെ നിയമങ്ങളെന്ന് സമ്മതിക്കേണ്ടിവരും. ഇവിടെ കള്ളപ്രമാണം ഉണ്ടാക്കുന്നവൻ കൈയോടെ പിടിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു.

മറ്റൊരു കാര്യം കൂടി ഇവിടെ വ്യക്തമാകുന്നുണ്ട്. നബി(സ) തിരുമേനിക്ക് വിശുദ്ധ ഖുർആൻ പൂർണമായും ഇറങ്ങുന്നതുവരെയുള്ള ഇരുപത്തിമൂന്ന് കൊല്ലക്കാലം ജീവിക്കാൻ അവസരം ലഭിച്ചതും, എതിരാളികളുടെ കഠിനതരമായ നശീകരണ പ്രവർത്തനങ്ങളിൽ നിന്ന് ഒട്ടൊഴിയാതെ സുരക്ഷിതനായിരുന്നതും ജീവിതം ധന്യമാക്കി ദൈവ കല്പനയാൽ അവനിലേക്ക് സമാധാനത്തോടെ മടങ്ങിയതുമൊന്നും നമ്മുടെ ഹാഫിള് സാഹിബിന്റെ പക്കൽ മുഅ്ജിസത്തുകളിൽപ്പെടുകയില്ല! ഇപ്രകാരം തന്നെ എന്നെ സംബന്ധിച്ചും എൺപത് വർഷത്തോളം ജീവിക്കുമെന്ന് പ്രവചനമുണ്ട്. [1]ഞാനും എന്റെ ദൗത്യം പൂർത്തിയാവുന്നതുവരെ സുരക്ഷിതനായി ജീവിച്ചാലും ഹാഫിള് സാഹിബിന്റെ പക്കൽ അത് മുഅ്ജിസത്തുകളിൽ ഉൾപ്പെടുകയില്ല. അത്തരം പ്രവചനങ്ങളുടെ

1. അനുബന്ധം നോക്കുക.

പുലർച്ച സത്യവാദിക്കുള്ള തെളിവായി അദ്ദേഹം അംഗീകരിക്കുകയുമില്ല. എന്റെ കാര്യം അവിടെ നില്ക്കട്ടെ. ഹാഫിള് സാഹിബിന്റെ വീക്ഷണത്തിൽ നബി(സ) തിരുമേനിയ്ക്കുണ്ടായ ഭൗതികവും ആത്മീയവുമായ ദൈവിക സംരക്ഷണം പോലും ആ മഹാത്മാവിന്റെ സത്യതയ്ക്കുളള തെളിവല്ലെന്നോ! അപ്പോൾ തനികള്ളവാദിയ്ക്കും സത്യവാദികളായ പ്രവാചകൻമാരുടെ കൂടെ ചേരാം!!

എന്നാൽ, ഈ രീതിയിൽ കാര്യങ്ങൾ മനസ്സിലാക്കുമ്പോൾ വിശുദ്ധ ഖുർആന്റെ സകല അധ്യാപനങ്ങളും അസത്യമാണെന്ന് പറയേണ്ടി വരും. കാരണം, കള്ള നുബുവ്വത്തുവാദി കൈയോടെ പിടിക്കപ്പെടുമെന്നും, നിന്ദിതരിൽ നിന്ദ്യനാകുമെന്നും, ശോചനീയമായി നാശമടയുമെന്നും ഒരിക്കലും വിജയിക്കുകയില്ലെന്നുമാണ് വിശുദ്ധ ഖുർആനിൽ നിന്ന് തെളിയുന്നത്. ദൈവിക മാർഗത്തെ നശിപ്പിക്കാൻ വെമ്പൽകൊള്ളുന്ന കൊടും കള്ളവാദി നശിക്കുക തന്നെ വേണമെന്ന് ബുദ്ധിയും സമ്മതിയ്ക്കുന്നു. പൂർവിക ദിവ്യഗ്രന്ഥങ്ങളിലും ഇതേ വിവരണം തന്നെയാണ് കാണുന്നത്.

പക്ഷേ, നമ്മുടെ ഹാഫിള് സാഹിബ് പറയുന്നു: 'നിരവധിയാളുകൾ കള്ള വഹ്‌യുടേയും നുബുവ്വത്തിന്റേയും വാദം പുറപ്പെടുവിക്കുകയും, ആ വാദങ്ങളുടെ പരമ്പര മുപ്പതു വർഷം വരെ നീണ്ടു നില്ക്കുകയും, തങ്ങളുടെ വാദത്തിൽ അവർ അടിയുറച്ചു നില്ക്കുകയും, കളളവഹ്‌യുകൾ അവതരിപ്പിക്കുന്നതിൽ നിന്ന് അന്ത്യശ്വാസം വരെ അവർ പിൻമാറാതിരിക്കുകയും, അങ്ങനെ കുഫ്റിൽ തന്നെ അവർ സാധാരണ രീതിയിൽ മരിക്കുകയും ചെയ്തു. അല്ലാഹു അവരുടെ ആയുസ്സിലും കർമത്തിലും അനുഗ്രഹം ചൊരിഞ്ഞു

വെന്ന് മാത്രമല്ല, ഒരു ശിക്ഷയും നല്കിയതുമില്ല.ഒരിക്കലെങ്കിലും അവർ മാനസാന്തരപ്പെട്ട് മടങ്ങിയെന്ന് തെളിയുകയോ വീണ്ടും അവർ ഇസ്‌ലാമിലേക്ക് തിരിച്ചുവന്നുവെന്ന് നാട്ടിലാരും അറിയുകയോ ചെയ്തിട്ടുമില്ല.' ഇതിനുള്ള തെളിവുകളെല്ലാം 'ഖത്വഉൽവതീൻ' എന്ന കൃതിയിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടെന്നും ഹാഫിള് സാഹിബ് പറയുന്നു. ഞാൻ പ്രഖ്യാപിച്ച അഞ്ഞൂറു രൂപ പാരിതോഷികം വാങ്ങാൻ താനാഗ്രഹിക്കുന്നില്ലെന്നും അദ്ദേഹം തുടർന്ന് പറയുന്നുണ്ട്. അതിനു പകരം 1902 ഒക്ടോബർ 9-ാം തീയതി അമൃതസറിൽ നടക്കുന്ന നദ്‌വത്തുൽ ഉലമായുടെ സമ്മേളനത്തിൽ ഞാൻ പങ്കെടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെടുന്നു– എന്നിട്ട്, ഇന്ത്യയിലെ പ്രസിദ്ധരായ ആലിംകൾ പങ്കെടുക്കുന്ന ആ സമ്മേളനത്തിൽ മിർസാ സാഹിബ് അതായത് ഈ വിനീതൻ ഇങ്ങനെ കരാറെഴുതി കൊടുക്കുകയും വേണമത്രെ! എന്തെന്തെല്ലാം അഭിപ്രായങ്ങൾ 'ഖത്വഉൽവതീൻ' എന്ന ലഘുലേഖയിൽ സമർപിച്ചിട്ടുണ്ടോ അത് നിശ്ചിത വിധികർത്താക്കളുടെ പക്കൽ– നദ്‌വത്തുകാരുടെ പണ്ഡിതൻമാരുടെ പക്കൽ – അംഗീകാരത്തിന്റെ മാനദണ്ഡത്തിൽ വരുന്നുണ്ടെങ്കിൽ, അതായത് പ്രാരംഭ വഹ്‌യ് മുതൽ ഇതുവരെ എനിക്കു ലഭിച്ചിട്ടുള്ള ആയുസ്സും, വെളിവോടും, ശക്തിയോടും ദൃഢവിശ്വാസത്തോടും കൂടി അല്ലാഹുവിന്റെ വഹ്‌യുടെ അടിസ്ഥാനത്തിലുള്ള എന്റെ വാദവും, എന്നെ സംബന്ധിച്ച് ആയിരക്കണക്കായ വാക്യങ്ങൾ അല്ലാഹുവിന്റെ വഹ്‌യായി ഞാനെഴുതിയതും അവ ലോകത്തു പ്രചരിപ്പിച്ചതുമെല്ലാം, അല്ലാഹുവിന്റെ പേരിൽ കള്ളവാദം പുറപ്പെടുവിക്കുകയും എന്നിട്ടു നാശമടയാതിരിക്കുകയും ജമാഅത്തുണ്ടാക്കുകയും ചെയ്തവരെപ്പോലെ തന്നെയാണെന്ന് നദ്‌വപണ്ഡിതൻമാർ അഭി

പ്രായപ്പെട്ടാൽ ആ മജ്ലിസിൽവച്ച് ഞാൻ തൗബഃ ചെയ്യണം!

അല്ലാഹു സുബ്ഹാനഹുതആല നദ്‌വയിലെ അംഗങ്ങളായ പണ്ഡിതൻമാർക്ക് ബസ്വീറത്ത് നല്കിയിട്ടുണ്ടെങ്കിൽ അവർക്ക് തഖ്‌വയും നീതിബോധവും ഉണ്ടെങ്കിൽ ഞാനിതിന് തയ്യാറാണ്. ചിന്തിക്കുവാനും തീരുമാനമെടുക്കുവാനും ഇനിയും ധാരാളം സമയമുണ്ട്. എന്റെ വിശദീകരണവും ഹാഫിള് സാഹിബിന്റെ 'ഖത്വഉൽവതീനും' ഒത്തുനോക്കി യഥാർഥമായ മതവിധി തീർച്ചയായും അവർക്ക് പുറപ്പെടുവിക്കാവുന്നതാണ്.

അമൃതസറിൽ സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ എനിക്കു പങ്കെടുക്കാൻ നിവൃത്തിയില്ലെന്നറിയിക്കട്ടെ. കാരണം അക്കൂട്ടരെ സംബന്ധിച്ച് നല്ല ധാരണയല്ല എനിക്കുള്ളത്. മുത്തഖികളായി ഞാനവരെ മനസ്സിലാക്കുന്നുമില്ല. (മേലിൽ അല്ലാഹു ആരെയെങ്കിലും മുത്തഖിയാക്കുകയാണെങ്കിൽ അതവന്റെ അനുഗ്രഹമാണ്.) അവർക്ക് ഖുർആനികജ്ഞാനമുണ്ടെന്നും ഞാൻ കരുതുന്നില്ല.

لَا يَمَسُّهُ إِلَّا الْمُطَهَّرُونَ

(56:80) എന്ന ഖുർആനിക സൂക്തമനുസരിച്ച് അത് മുത്തഖികൾക്കുള്ളതാണ്. അപ്പോൾ വിധികർത്താക്കളായി ഞാനെന്തിന് അവരെ അംഗീകരിക്കണം?

ഒന്നു സമ്മതിയ്ക്കാം. അവരിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഏതാനും മൗലവിമാർ സത്യാന്വേഷണാർഥം ഖാദിയാനിൽ വരികയാണെങ്കിൽ അവരെ സംസാരത്തിലൂടെ സത്യം ധരിപ്പിക്കുന്നതാണ്. ഇതിനൊന്നും നിങ്ങൾ വഴങ്ങുന്നി

ല്ലെങ്കിൽ അല്ലാഹുവിന്റെ പ്രവൃത്തികൾ മുറപോലെ നടക്കുന്നുണ്ട്. ഒരെതിരാളിയ്ക്കും അതിനെ തടയാനാവുകയില്ല. ശത്രുക്കളിൽ നിന്ന് മതവിധി തേടുന്നതിന് എന്തർഥമാണുള്ളത്? നാം ഹാഫിള് സാഹിബിന്റെ വിജ്ഞാപനം പരിഗണിച്ച് നദ്വത്തുകാരെ തബ്ലീഗ് ചെയ്യുന്നതിനുള്ള ഒരു വേദിയൊരുക്കാം.

ഹാഫിള് സാഹിബ് ഒരു കാര്യം ഓർത്തു കൊള്ളേണ്ടതാണ്. 'ഖത്വഉൽവതീൻ' എന്ന കൃതിയിൽ കള്ളനുബുവ്വത്ത് വാദികളെ സംബന്ധിച്ച് തലയും വാലുമില്ലാത്ത എന്തൊക്കെ പൊല്ലാപ്പുകളെഴുതിപ്പിടിപ്പിച്ചിട്ടുണ്ടോ അതെല്ലാം ആ കപടവാദികൾ തങ്ങളുടെ വാദത്തിൽ അടിയുറച്ചു വിശ്വസിച്ചിട്ടുണ്ടെന്നും, ഒരിക്കലും തൗബഃ ചെയ്തിട്ടില്ലെന്നും തെ. ളിയിക്കപ്പെടുന്നതുവരെ അണുവോളം അത് സ്വീകാര്യമായിരിക്കുന്നതല്ല. അതിന് അക്കാലത്തെഴുതപ്പെട്ട ഏതെങ്കിലും ലിഖിതത്തിൽ നിന്ന്, അവർ വ്യാജവാദത്തിൽ ഉറച്ചു നിന്ന നിലയിലാണ് മരിച്ചതെന്നും അക്കാലത്തെ മൗലവി അവരിൽ ആരുടെയും ജനാസ നമസ്കരിച്ചിട്ടില്ലെന്നും മുസ്ലിം ഖബ്ർസ്ഥാനിൽ അവരെ മറയടക്കിയിട്ടില്ലെന്നും തെളിയാത്തിടത്തോളം ആ കഥകളൊന്നും അശേഷം സ്വീകാര്യയോഗ്യമായിരിക്കുകയുമില്ല. ഇപ്പറഞ്ഞതൊന്നും തെളിയിക്കാൻ സാധ്യമല്ല. അവരുടെ ആയുസ്സു മുഴുവനും അല്ലാഹുവിന്റെ പേരിൽ അവർ ചമച്ചുണ്ടാക്കിയ കലാം (വചനങ്ങൾ) ഇന്നെവിടെയാണുള്ളതെന്നും കാണിച്ചു തരേണ്ടിവരും. അവരുടെ വഹ്യ് രേഖപ്പെടുത്തിയിട്ടുള്ള ഗ്രന്ഥം ആരുടെയെല്ലാം കൈവശമാണുള്ളതെന്നും പറഞ്ഞു തരണം. അവ പരിശോധിക്കുമ്പോൾ ഖണ്ഡിതവും സംശയരഹിതവുമായ വഹ്

യുടെ വാദമായിരുന്നോ അവർക്കുണ്ടായിരുന്നതെന്നും 'ളില്ലി' രൂപത്തിലുള്ളതാണോ അതല്ല 'അസ്വലി' യായ നിലയിലാണോ തങ്ങളെ അല്ലാഹുവിന്റെ നബിയെന്ന് പറഞ്ഞിരുന്നതെന്നും തങ്ങൾക്കുണ്ടായ വഹ്‌യുകൾ അല്ലാഹുവിൽ നിന്നുണ്ടായ താണെന്ന അടിസ്ഥാനത്തിൽ മറ്റു നബിമാർക്കുണ്ടായ വഹ്‌ യുകളോടു കിടപിടിക്കുന്നതാണെന്ന് അവർ വിശ്വസിച്ചിരുന്നോ എന്നും നമുക്ക് മനസ്സിലാകും. അങ്ങനെ

تَقَوَّلَ

(69:45) എന്ന ആയത്തിന്റെ പൊരുൾ അയാളിൽ സത്യമായി പു ലരേണ്ടിയിരിക്കുന്നു. 'തഖവ്വല'യുടെ കല്പന ഖണ്ഡിത ത്ത്വത്തേയും ദൃഢവിശ്വാസത്തേയും സംബന്ധിക്കുന്നതാ ണെന്ന് ഹാഫിള് സാഹിബിന്നറിയില്ല.

ചുരുക്കത്തിൽ വിശുദ്ധ ഖുർആനും തൗറാത്തും അല്ലാഹുവിന്റെ കലാം ആണെന്നതു പോലെതന്നെ ഞാൻ കേൾപ്പിക്കുന്ന കലാമും അഖണ്ഡവും ദൃഢവുമായ നില യിൽ അല്ലാഹുവിന്റെ കലാം തന്നെയാണ്. ഞാൻ പ്രതിനി ധിയും പ്രതിഛായയും എന്ന നിലയിൽ അല്ലാഹുവിന്റെ ന ബിയാണെന്നും ദീനീകാര്യങ്ങളിൽ എന്നെ അനുസരിക്കേ ണ്ടതും വാഗ്ദത്തമസീഹായി അംഗീകരിക്കേണ്ടതും ഓരോ മുസ്‌ലിമിനും നിർബന്ധമാണെന്നും ആവർത്തിച്ചാവർത്തിച്ച് ഞാൻ പറഞ്ഞിട്ടുള്ളതായി കാണാം. എന്റെ സന്ദേശം എത്തി ക്കഴിഞ്ഞ ഒരു മുസ്‌ലിം തന്റെ ഹകം (വിധികർത്താവ്) ആയിട്ട്

എന്നെ അംഗീകരിക്കാതിരിക്കുകയും എന്നെ വാഗ്ദത്ത മ സീഹായി വിശ്വസിക്കാതിരിക്കുകയും എനിക്കുണ്ടായിട്ടുള്ള വഹ്‌യുകൾ അല്ലാഹുവിൽ നിന്നുള്ളതാണെന്ന് കരുതാതിരി ക്കുയും ചെയ്താൽ അയാൾ അല്ലാഹുവിന്റെ സന്നിധിയിൽ സമാധാനം ബോധിപ്പിക്കേണ്ടി വരും. കാരണം തക്കസമ യത്ത് ഏതൊന്നിനെ സ്വീകരിക്കണമായിരുന്നോ അതിനെ അയാൾ നിരാകരിച്ചു. കള്ളവാദിയായിരുന്നെങ്കിൽ നശിപ്പി ക്കപ്പെടുമെന്ന് മാത്രമല്ല എന്റെ വാദം. മറിച്ച് മൂസ, ഈസാ,ദാ വൂദ്,നബി(സ) തിരുമേനി തുടങ്ങിയവരെപ്പോലെ ഞാനും സത്യവാദിയാണെന്നാണ് ഞാൻ പറയുന്നത്.

എന്റെ സത്യം സാക്ഷ്യപ്പെടുത്തിക്കൊണ്ട് പതിനായി രത്തിലേറെ അടയാളങ്ങൾ അല്ലാഹു കാണിച്ചു. വിശുദ്ധ ഖുർആനും റസൂൽ (സ) തിരുമേനിയും എനിക്കു വേണ്ടി സാക്ഷി നില്ക്കുന്നു. മുൻകഴിഞ്ഞ പ്രവാചകൻമാർ ഞാൻ വരേണ്ടുന്ന കാലം ഇതു തന്നെയെന്ന് നിർണയിച്ചിട്ടുണ്ട്. വി ശുദ്ധ ഖുർആൻ ഉദ്ഘോഷിക്കുന്ന കാലവും ഇതുതന്നെ. ആകാശവും ഭൂമിയും എനിക്കു വേണ്ടി സാക്ഷിപറഞ്ഞു. എ നിക്കുവേണ്ടി സാക്ഷി പറയാത്ത ഒരു നബിയുമില്ല. പതിനാ യിരം അടയാളമെന്ന് വളരെ ചുരുക്കി ഞാനെഴുതിയതാണ്. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനെക്കൊണ്ട് സത്യം ചെയ്തു ഞാൻ പറയുന്നു, ആയിരം പുറമുള്ള പുസ്തകത്തിൽ എന്റെ സത്യതയ്ക്കുള്ള തെളിവു കൾ ഞാനെഴുതാൻ തുടങ്ങിയാൽ ആ ഏടുകൾ അവസാനി ക്കുന്നതല്ലാതെ ആ തെളിവുകൾ തീരുകയില്ലെന്ന് ഞാൻ ദൃ ഢമായും വിശ്വസിക്കുന്നു.അല്ലാഹു അവന്റെ ഗ്രന്ഥത്തിൽ പറയുന്നു.

وَاِنْ يَكُ كَاذِبًا فَعَلَيْهِ كَذِبُهُ وَاِنْ يَّكُ صَادِقًا يُّصِبْكُمْ بَعْضُ

الَّذِي يَعِدُكُمْ اِنَّ اللّٰهَ لاَيَهْدِى مَنْ هُوَ مُسْرِفٌ كَذَّابٌ

40:29 അതായത്, ഈയാൾ കള്ളവാദിയാണെങ്കിൽ നിങ്ങളുടെ കൺമുമ്പിൽ തന്നെ നശിച്ചൊടുങ്ങും. അയാളുടെ കളവിന്റെ ദോഷഫലം അയാളെ നശിപ്പിക്കുന്നതാണ്. മറിച്ച്, അയാൾ സത്യവാദിയാണെങ്കിലോ നിങ്ങളിലുള്ള ചിലർ അയാളുടെ പ്രവചനത്തിന് ലക്ഷീഭവിക്കുകയും അയാളുടെ കൺമുമ്പിൽ ഈ നശ്വരമായ വീട്ടിൽനിന്ന് യാത്രയാവുകയും ചെയ്യും.

അല്ലാഹുവിന്റെ കലാം വിഭാവനം ചെയ്യുന്ന ഈ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ എന്നെ അളക്കുകയും എന്റെ വാദത്തെ ഉരച്ചു നോക്കുകയും ചെയ്യുക.

ഈ മൗലവിമാർ എന്നെ നശിപ്പിക്കുന്നതിനുവേണ്ടി തങ്ങളാലാവുന്നതെല്ലാം ചെയ്തു തയ്യാറാക്കിയ കുഫ്റിന്റെ ഫത്വയുമായി നടന്ന് നടന്ന് അവരുടെ പാദം തേഞ്ഞു പോയിട്ടുണ്ടാകും. അസഭ്യശകാരങ്ങളുടെ നോട്ടീസുകൾ പ്രസിദ്ധീകരിച്ച് ശിയാക്കളെപ്പോലും പിന്നിലാക്കി. എന്റെ പേരിൽ വധക്കുറ്റം ആരോപിച്ച് കേസ്സു നടത്തി. ഇതിനു പുറമെ മറ്റു പല ക്രിമിനൽക്കുറ്റാരോപണവും നടത്തി കോടതി കയറ്റി. എന്നെ കാണാൻ വരുന്നവരുടെ മേൽ അക്രമം അഴിച്ചുവിട്ടു. മക്കയിലുണ്ടായിരുന്ന സ്വഹാബത്തിന്റെ ജീവിതത്തിലല്ലാതെ ഈ അപമാനത്തിനും അവജ്ഞയ്ക്കും ഉപദ്രവത്തിനും ഉദാഹരണം കാണുകയില്ല. വിദേശരാജ്യങ്ങളിൽപ്പോലും എന്നെ വിശ്വസിച്ചവരിൽ ചിലർ വധിക്കപ്പെട്ടു. എന്നെ തുത്തെറിയാനും എന്നെ കാണാൻ വരുന്നവരെ തടഞ്ഞു നിറുത്താനും ഇവർ നടത്തിയ പ്രവർത്തനം ആർക്കും

നിഷേധിക്കാൻ സാധ്യമല്ല. അതിൽ അവർ ഒരു കുറവും വരുത്തിയില്ല. ലജ്ജാഹീനമായ നിരവധി പ്രവൃത്തികളും ആ മൗലവിമാരിൽ ചിലരിൽ നിന്ന് പുറത്തു വന്നിട്ടുണ്ട്. എന്നെ സംബന്ധിച്ച് കള്ളവാർത്തകൾ പ്രചരിപ്പിക്കുകയും വാസ്തവ വിരുദ്ധമായ കാര്യങ്ങൾ ധരിപ്പിച്ച് ഭരണകർത്താക്കളെ എനിക്കെതിരിൽ ഇളക്കിവിടുകയും ചെയ്തു. എന്നാൽ, ഇതിന്റെയെല്ലാം ഫലമെന്താണെന്നറിയുമോ? ഞാൻ പുരോഗതി പ്രാപിച്ചു വന്നു. ഇവരാണെങ്കിൽ എന്നെ നിഷേധിക്കുന്നതിലും കളവാക്കുന്നതിലും ഉറച്ച് നില്ക്കുകയും അതിദ്രുതം ഈ വ്യക്തിയെ നശിപ്പിക്കുമെന്നുള്ള പ്രവചനങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തു.

ബറാഹീനെ അഹ്മദിയ്യ പ്രസിദ്ധീകരിക്കുന്ന കാലത്ത് എന്നോടൊപ്പം വലിയൊരു ജമാഅത്തൊന്നും ഉണ്ടായിരുന്നില്ല. അംഗുലീപരിമിതമായ കുറച്ചാളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അക്കാലത്ത് ഞാനൊറ്റയ്ക്കായിരുന്നു. അന്ന് ആരെങ്കിലും എന്നോടൊപ്പം ഉണ്ടായിരുന്നതായി ആർക്കെങ്കിലും സ്ഥാപിക്കാൻ കഴിയുമോ? ആ അവസരത്തിലാണ് അമ്പതിലേറേ പ്രവചനങ്ങളെ സംബന്ധിച്ച് അവൻ എനിയ്ക്ക് അറിയിപ്പുതന്നത്. 'നീ ഇപ്പോൾ ഏകനാണ്. മുഴുലോകവും നിന്നോടൊപ്പം നില്ക്കുന്ന ആ കാലമിതാ സമാഗതമാകുന്നു. പിന്നീട് നീ അഭിവൃദ്ധി പ്രാപിച്ച് രാജാക്കൻമാർ നിന്റെ വസ്ത്രങ്ങളിൽ നിന്ന് അനുഗ്രഹം തേടുന്ന ഒരു നിലവരെ നിനക്കു വന്നെത്തും. എന്തുകൊണ്ടെന്നാൽ നീ അനുഗ്രഹിക്കപ്പെടാൻ പോകുകയാണ്. അല്ലാഹു പരിശുദ്ധൻ. താനുദ്ദേശിക്കുന്നത് അവൻ ചെയ്യുന്നു. നിന്റെ പരമ്പരയേയും നിന്റെ ജമാഅത്തിനേയും അവൻ ഭൂമിയിൽ വിന്യ

സിപ്പിക്കും. അവരെ അവൻ അനുഗ്രഹിക്കും. അവനുമായി ചെയ്ത കരാറിൽ അവർ ഉറച്ചു നില്ക്കുവോളം ഉന്നതി പ്രാപിക്കുകയും അവരുടെ ഔന്നത്യവും പ്രതാപവും സ്ഥാപിക്കപ്പെടുകയും ചെയ്യും.'

ബറാഹീനെ അഹ്മദിയ്യായിൽ രേഖപ്പെട്ടു കിടക്കുന്ന അറബിയിലുണ്ടായ പ്രവചനങ്ങളുടെ തർജമയാണ് ഇവിടെ എഴുതിയത്. എന്റെ കൂടെ ആരോരുമില്ലാതിരുന്ന ആ കാലത്ത് അല്ലാഹു എനിക്കൊരു ദുആ പഠിപ്പിച്ചു.

رَبِّ لَا تَذَرْنِي فَرْدًا وَّأَنْتَ خَيْرُ الْوَارِثِيْنَ

'എന്റെ നാഥാ, എന്നെ ഏകനായി ഉപേക്ഷിക്കരുതേ. അവകാശം നല്കുന്നവരിൽ നീ ഏറ്റവും ഉത്തമനാകുന്നു.' ഇൽഹാമിയായ ഈ ദുആ ബറാഹീനെ അഹ് മദിയ്യായിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഞാൻ അക്കാലത്ത് ആരാലും അറിയപ്പെടാത്ത ആളായിരുന്നുവെന്ന് ബറാഹീനെ അഹ്മദിയ്യ തന്നെ സാക്ഷി പറയുന്നു. എന്നാൽ, ഇന്ന് അതിരൂക്ഷമായ എതിർപ്പുകളുണ്ടായിട്ടും ഒരു ലക്ഷത്തിലേറെ അനുയായികൾ വിവിധ സ്ഥലങ്ങളിൽ എനിക്കുണ്ടായിക്കഴിഞ്ഞു. ഇതൊരു മുഅ്ജിസത്തല്ലേ?[1] എന്റെ എതിരാളികൾ എന്നെ തറപ്പറ്റിക്കുന്നതിനുവേണ്ടി ഗൂഢാലോചനകൾ നടത്തുകയും എല്ലാത്തരം അടവുകളും പയറ്റിക്കൊണ്ടിരിക്കുകയും ചെയ്യുകയാണ്. എന്നാൽ ഈ സകല മൗലവിമാരും അവരുടെ കൂട്ടുകാരും ചെറിയവരും വലിയവരുമെല്ലാം തന്നെ പരാജയപ്പെട്ടിരിക്കുന്നു. ഇത് മുഅ്ജിസത്തല്ലെങ്കിൽ നദ്‌വയിലെ ജുബ്ബധാരികളായ മുല്ലാക്കൾ, മുഅ്ജി

1. എതിരാളികളെ എളിമയിലാക്കുന്ന ദൃഷ്ടാന്തം

സത്തെന്നാൽ എന്താണെന്ന് പറഞ്ഞു തരട്ടെ.

ഞാൻ മുഅ്ജിസത്തുടയവനല്ലെങ്കിൽ കളളവാദി തന്നെയാണ്. വിശുദ്ധ ഖുർആനിൽ നിന്ന് ഇബ്നുമർയമിന്റെ മരണം സ്ഥാപിതമാകുന്നില്ലെങ്കിൽ ഞാൻ കളള വാദിയാണ്. മിഅ്റാജിന്റെ ഹദീസ് ഇബ്നുമർയമിനെ മരിച്ചവരുടെ ആത്മാക്കളുടെ കൂട്ടത്തിൽ ഇരുത്തിയിട്ടില്ലെങ്കിൽ ഞാൻ കളളവാദിയാണ്. വിശുദ്ധ ഖുർആൻ സൂറത്തുന്നൂറിൽ ഈ ഉമ്മത്തിന്റെ ഖലീഫ ഈ ഉമ്മത്തിൽ നിന്ന് തന്നെയാണെന്ന് പറഞ്ഞിട്ടില്ലെങ്കിൽ ഞാൻ കളളവാദിയാണ്. വിശുദ്ധ ഖുർ ആൻ എന്റെ പേര് ഇബ്നുമർയം എന്നുവച്ചിട്ടില്ലെങ്കിൽ ഞാൻ കളളവാദിയാണ്.

നശ്വരരായ മനുഷ്യരേ, ജാഗരൂകരാകുവിൻ. ചിന്തിക്കുവിൻ. ഇത്രയധികം വാദപ്രതിവാദങ്ങൾക്കും തർക്കവിതർക്കങ്ങൾക്കും ശേഷവും ഇന്നേയ്ക്ക് ഇരുപത്തിരണ്ടു വർഷം മുമ്പേ ബറാഹീനെ അഹ്മദിയ്യയിൽ രേഖപ്പെടുത്തിയിട്ടുളള ആ പ്രവചനങ്ങൾ സത്യമായി പുലർന്നത് മുജിസത്തല്ലെങ്കിൽ പിന്നെന്താണ്. അക്കാലത്ത് എന്നെ സഹായിക്കാൻ ആരെങ്കിലുമുണ്ടായിരുന്നുവെന്ന് തെളിയിക്കാൻ നിങ്ങൾക്കു സാധ്യമല്ല. എന്നാൽ, ഇന്ന് എന്റെ അനുയായികളെ ഒരുമിച്ചുകൂട്ടി ഒരു സ്ഥലത്ത് അധിവസിപ്പിച്ചാൽ നിശ്ചയമായും അത് അമൃതസറിനെക്കാൾ വലിയൊരു ജനപദമായിരിക്കുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. ഇക്കാര്യം പ്രവചിച്ചിട്ടുളള ബറാഹീനെ അഹ്മദിയ്യാ എഴുതുന്ന കാലത്ത് ഞാനൊറ്റക്കായിരുന്നു. ഇതിന്നിടയിൽ മൗലവിമാരുടെ എതിർപില്ലായിരുന്നെങ്കിൽ അതിലെ പ്രവചനം ഇത്ര വ്യക്തമായ നിലയിൽ പുലരുമായിരുന്നില്ല. ഇപ്പോൾ മൗലവിമാരുടേയും അണികളുടേയും എതിർപ്രവർത്തനം ഈ ദൃഷ്ടാന്തത്തിന് മാറ്റ് കൂട്ടിയിരിക്കുന്നു. ഞാൻ സ

ത്യവാദിയായ കാരണത്താൽ,

وَاِنْ يَّكُ كَاذِبًا فَعَلَيْهِ كَذِبَه

എന്ന വചനത്തിൽ വിവരിക്കപ്പെട്ട അടയാളത്തിൽ നിന്ന് എനിക്ക് മോചനം കിട്ടിയെന്നു മാത്രമല്ല, ഇരുപത് ഇരുപത്തിരണ്ടു വർഷം മുമ്പ് പ്രസിദ്ധീകൃതമായ ബറാഹീനെ അഹ് മദിയ്യായിലെ മഹത്തായ പ്രവചനങ്ങൾ പുലരുകയും പാണ്ഡിത്യവും കഴിവുമുള്ള ആയിരക്കണക്കിന്നാളുകൾ എന്റെ അനുയായികളായിത്തീരുകയും ചെയ്തിരിക്കുന്നു.

ഇനി ഉപര്യുക്തമായ ആയത്തിന്റെ ശേഷഭാഗം ശ്രദ്ധിക്കുക.

وَاِنْ يَّكُ صَادِقًا يُصِبْكُمْ بَعْضُ الَّذِى يَعِدُكُمْ

ഈ മാനദണ്ഡവും വ്യക്തമായി പൂർത്തിയായിരിക്കുന്നു. അല്ലാഹു എന്നോട് പറഞ്ഞു. اِنِّى مُهِينٌ مَنْ اَرَادَ اِهَانَتَكَ

നിന്നെ അപമാനിക്കുന്നവൻ സ്വയം അപമാനത്തിന് പാത്രമാകാതെ മരിക്കുകയില്ല. തങ്ങൾ അപമാനിതരായിട്ടുണ്ടോ ഇല്ലയോ എന്ന് എന്നെ അപമാനിച്ചിട്ടുള്ള മൗലവിമാരോട് ചോദിച്ചു നോക്കുക. വിശുദ്ധ ഖുർആനിലെ

يُصِبْكُمْ بَعْضْ الَّذِى يَعِدُكُمْ

എന്ന പ്രവചനം എനിക്കു വേണ്ടി പ്രത്യക്ഷപ്പെട്ടിട്ടില്ലെന്ന് എന്നെ അപമാനിക്കുന്ന ആർക്കെങ്കിലും പറയുവാൻ കഴിയുമോ? പേടിപ്പിച്ചറിയിക്കുന്ന പ്രവചനങ്ങളിൽ ചിലത് മാതൃകയെന്നോണം പുലർന്നാൽ തന്നെ അതുമതിയായതാണെന്ന് വിശുദ്ധ ഖുർആൻ بَعْضُ

എന്ന പദത്തിലൂടെ സൂചന നല്കുന്നു. ഇത്തരം മാതൃകകൾ കുറച്ചൊന്നുമല്ല ഇവിടെ പുലർന്നിട്ടുള്ളത്. എന്റെ എതിരാളികൾക്ക് ചെറിയ പരാജയമാണോ ഉണ്ടായിട്ടുള്ളതെന്ന് നോക്കുക.

ഗുലാം ദസ്തഗീർ എന്നയാൾ തന്റെ 'ഫത്ഹെ റഹ്മാനീ' എന്ന ഗ്രന്ഥത്തിന്റെ ഇരുപത്തേഴാം പേജിൽ എനിക്കെതിരിൽ ബദ്ദുആ ചെയ്തു. അവസാനം ഇരുകക്ഷികളിലും പെട്ട കള്ളവാദി സ്വന്തം പ്രാർഥനയുടെ ഫലമായി ഏതാനും ദിവസങ്ങൾക്കുള്ളിൽ മരിച്ചു മണ്ണിന്നടിയിൽ മറയ്ക്കപ്പെട്ടു.[1]

മുഹമ്മദുഹസൻ ഭീൻ എന്നയാൾ തന്റെ ലിഖിതത്തിൽ എനിക്കെതിരെ لَعْنَتُ اللّٰهِ عَلَى الْكَاذِبِيْنَ എന്ന പ്രാർത്ഥന എഴുതി. ആ ഗ്രന്ഥം പൂർത്തിയാക്കാൻ അയാൾക്കു കഴിഞ്ഞില്ല. അതിനുമുമ്പേ ഭയങ്കരമായ ദൈവിക ശിക്ഷ അദ്ദേഹത്തെ പിടികൂടുകയും ഈ ലോകത്തോടു വിട പറയുകയും ചെയ്തു.

പീർ മെഹ്റലി ശാഹ് എന്നയാൾ തന്റെ ഗ്രന്ഥത്തിൽ എനിക്കെതിരെ لَعْنَتُ اللّٰهِ عَلَى الْكَاذِبِيْنَ എന്ന് ബദ്ദുആ ചെയ്തു. അയാൾ സാഹിത്യചോരണ കുറ്റത്തിന് ഉടനെ പിടിക്കപ്പെട്ടു. അതായത് അയാൾ പരേതനായ മുഹമ്മദു ഹസ്സൻ[1]-എഴുതിയ ഗ്രന്ഥം അപ്പടി തന്റെ പേരിലാക്കി പ്രസിദ്ധീകരിച്ചു. ആ ഗ്രന്ഥം താൻ രചിച്ചതാണെന്ന് പച്ചക്കള്ളം പറയുകയും അതിന് 'സയ്ഫെ ചിശ്ത്തിയായി' എന്ന്

1. ഇത് മുഅ്ജിസത്തല്ലേ. മക്കയിലെ ചില മൗലവിമാരെക്കൊണ്ട് എനിക്കെതിരെ കുഫ്ർ ഫത്വാ എഴുതിപ്പിച്ച ആ മൗലവി മുബാഹല ചെയ്ത് സ്വയം നശിച്ചു.

പേരുവയ്ക്കുകയും ചെയ്തു.

പരേതനായ മുഹമ്മദ് ഹസ്സൻ, എന്റെ ഗ്രന്ഥമായ 'ഇഅ്ജാസുൽ മസീ'ഹിനെ സംബന്ധിച്ച് അതു കട്ടെഴുതിയ താണെന്ന് എത്രകണ്ട് ധരിച്ചുവോ അതേ പ്രകാരം തന്നെ ആ ധാരണമുഴുവനും തെറ്റാണെന്ന് സ്ഥാപിക്കപ്പെട്ടുവെന്നതാണ് മെഹറലിക്കുണ്ടായ മൂന്നാമത്തെ വിപത്ത്. മുഹമ്മദു ഹസ്സന് തന്റെ ഗ്രന്ഥം പുനഃപരിശോധിക്കാനുള്ള അവസരം പോലും കിട്ടിയിരുന്നില്ല. അതിന് മുമ്പേ അയാൾ മരിച്ചു. അറബിഭാഷ യുമായി ഒരു ബന്ധവുമില്ലാത്ത പീർ മെഹ്റലി ആ എല്ലാ ക ള്ളങ്ങളും സത്യമാണെന്നു ധരിക്കുകയാണ് ചെയ്തത്. ഇതും ഒരു തരത്തിലുള്ള മരണമല്ലേ? നിങ്ങൾ തന്നെ തീരുമാനി ക്കുക. ഗ്രന്ഥത്തിന്റെ കൈയെഴുത്തു പ്രതി മോഷ്ടിച്ചു. അത്

---

1. പരേതനായ മുഹമ്മദു ഹസ്സൻ എന്നയാൾ എനിക്കെതിരിൽ നടത്തിയ അടിസ്ഥാന രഹിതമായ ആക്ഷേപങ്ങളെ ആശ്രയമാക്കി പീർ മെഹ്റലിഎനി ക്കെതിരിൽ കുറെ വിവരംകെട്ട ആരോപണങ്ങളുന്നയിച്ചു.അറബ് ലോകത്ത് പ്രസിദ്ധമായിട്ടുള്ള ചില പഴഞ്ചൊല്ലുകളും 'മഖാമാത്തെ ഹരീരി' പോലുള്ള ഗ്രന്ഥത്തിൽ കാണപ്പെടാവുന്ന ചില വാക്യങ്ങളും എന്റെ ഗ്രന്ഥത്തിൽ ഉദ്ധര ണിയായി ഞാൻചേർത്തിട്ടുണ്ട്. അതാകട്ടെ രണ്ടോ മൂന്നോ വരികളിൽ കൂടു കയുമില്ല. ഈ അജ്ഞനായ മനുഷ്യൻ അതിനെ സാഹിത്യചോരണമെന്ന് കു റ്റപ്പെടുത്തി.

അപ്പോൾ اِنِّی مُهِيْنٌ مَنْ اَرَادَ اِهَانَتَكَ നിന്നെ അപമാനിക്കാൻ ആഗ്രഹി ക്കുന്നവനെ ഞാൻ അപമാനിതനാക്കും, എന്ന പ്രവചനം അതിന്റെ തനതാ യ രൂപം കാണിക്കേണ്ടത് അനിവാര്യമായിരുന്നു. ഇവിടെ , അയാൾ ഒരു ഗ്രന്ഥം അപ്പടി മോഷ്ടിച്ചുവെന്നും കളവു പറഞ്ഞുവെന്നും അടിസ്ഥാന രഹിതമായ ആക്ഷേപങ്ങളെ ആശ്രയമാക്കിയെന്നും വ്യക്തമായി തെളിഞ്ഞു. താൻ ചെ യ്യുന്നത് അബദ്ധമാണെന്നുള്ള ബോധം പോലും അയാൾക്കുണ്ടായില്ല. ഇങ്ങനെ മൂന്നു ഗുരുതരമായ കുറ്റങ്ങളിൽ അയാൾ പിടിക്കപ്പെട്ടു. ഇതു മുഅ ്ജിസത്തല്ലേ?

കൈയോടെ പിടിക്കപ്പെടുകയും ചെയ്തു. സ്ഥാനിയായി വാണരുളവേ താനാണ് ആ ഗ്രന്ഥത്തിന്റെ കർത്താവെന്ന് പച്ചക്കളളം പറഞ്ഞു. ചോരണം നടത്തിയതോ, ശുദ്ധ അസംബന്ധവും. ഇതിലും വലിയതാണോ ജഹന്നമിലെ ശിക്ഷ.[2]

ഹാഫിള് സാഹിബിനോടു പറഞ്ഞുവന്നതിന്റെ ചുരുക്കമിതാണ്– എന്റെ വാദം പോലെതന്നെ, വിശുദ്ധഖുർആനെപ്പോലെ അല്ലാഹുവിന്റെ വഹ്യാണെന്ന് പറയുകയും– ഞാൻ പറയുന്നതുപോലെതന്നെ അതിന്റെ വിശേഷണത്തിൽ

لَا رَيْبَ فِيهِ

ഉണ്ടായിരിക്കുകയും, പിന്നീട് തൗബഃ ചെയ്യാതെയാണ് മരിച്ചതെന്നും, മുസ്ലിംകൾ തങ്ങളുടെ ഖബ്ർസ്ഥാനിൽ മറയടക്കിയിട്ടില്ലെന്നും, എന്തെങ്കിലും ശിക്ഷ മുഖേന മരിച്ചതല്ലെന്ന് തെളിയുകയും ചെയ്ത ഏതെങ്കിലും നുബുവ്വത്തു വാദിയുടെ ഗ്രന്ഥമുണ്ടെന്ന് സങ്കല്പിച്ചാൽതന്നെ അത് ഞാൻ തൗബഃ ചെയ്തു മടങ്ങുന്നതിന് മതിയായ തെളിവാകുകയില്ല. കാരണം ഇതു കൊണ്ടു മാത്രം ഒരു കളളവാദിയ്ക്കും എന്റെ അയലത്തു നില്ക്കാൻ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ

---

2. മെഹ്റലി ആ ചോരണം നടത്തിയതും പിന്നീടു തെറ്റുകളെ ആശ്രയിച്ചതും ഇബ്നുമർയം ഇന്നും ജീവിച്ചിരിക്കുന്നുവെന്ന് പറഞ്ഞതുമെല്ലാം തികച്ചും അജ്ഞതയും വിവരക്കേടും കൊണ്ടു മാത്രമാണ്. ഇതു സംബന്ധമായി ഒരു ബൃഹദ് ഗ്രന്ഥം ഞാനെഴുതികൊണ്ടിരിക്കുന്നു. നൂസൂലുൽ മസീഹ് എന്നാണതിന്റെ പേര്. ഈ ഗ്രന്ഥം ചിശ്തിയായുടെ അഗ്നിപദത്തിലെ അംഗാരത്തെ ധൂളീകരിക്കുകയും അതിൽ നിന്നുയരുന്ന പൊടിപടലം മെഹ്റലിയുടെ കണ്ണിൽ പതിച്ച് അയാളുടെ ജീവിതത്തെ കയ്പുള്ളതാക്കി തീർക്കുകയും ചെയ്യും. പതിനൊന്നാമത്തെ ഭാഗംവരെ അതു അച്ചടിച്ചു കഴിഞ്ഞിരിക്കുന്നു.

എന്റെ സഹായത്തിനായി മുൽജിസത്തുകളുണ്ട്. ഇതിനു പുറമെ ഹാഫിള് സാഹിബ് ഇതിനുവേണ്ടി കഠിനപ്രയത്നം ചെയ്ത് ചെയ്ത് ഐഹിക ലോകത്തുനിന്ന് വിട പറയുകയോ, വേറൊരു അബൂഇസ്ഹാഖ് മുഹമ്മദിനെക്കൊണ്ട് ആയിരക്കണക്കിന് 'ഖത്വഉൽവതീൻ' എഴുതിക്കുകയോ, അങ്ങനെയുള്ള ഒരാൾ ആത്മഹത്യയ്ക്കൊരുങ്ങി സ്വയം ജീവനാഡി അറുത്തുകളയുകയോ ചെയ്താൽപ്പോലും തന്റെ ഉദ്ദേശ്യത്തിൽ അയാൾ വിജയിക്കുകയില്ല.

ഇന്നു വരെ ഏതാണ്ട് ഇരുപത്തിമൂന്ന് വർഷമായി ഞാനെന്റെ വഹ്യ് തുടർച്ചയായി പ്രസിദ്ധീകരിച്ചു വരുന്നതു പോലെ, ഹാഫിള് സാഹിബ് പറയുന്ന ആൾക്ക് ഇരുപത്തി മൂന്നു വർഷത്തിൽ തുടർച്ചയായുണ്ടായ വഹ്യുടെ സമാഹാരം അദ്ദേഹം കൊണ്ടു വരണം. അത് എന്നെപ്പോലെ, 'പ്രസ്തുത വഹ്യ്' തനിക്ക് അല്ലാഹുവിൽ നിന്നുണ്ടായതാണെന്ന് തറപ്പിച്ചും ഉറപ്പിച്ചും സത്യം ചെയ്ത് പറഞ്ഞിട്ടുള്ളതുമായിരിക്കണം. ഞാൻ എന്നെക്കുറിച്ച് എന്റെ ഗ്രന്ഥത്തിൽ 'കളവ് പറയുകയാണെങ്കിൽ എന്നിൽ അല്ലാഹുവിന്റെ ശാപമുണ്ടാവട്ടെ' എന്നെഴുതിയിട്ടുള്ളതു പോലെ അതിലും എഴുതിയിട്ടുണ്ടാവണം.

കള്ളവാദികളേയും എന്നേയും തമ്മിൽ താരതമ്യം ചെയ്തു നോക്കുകയെന്നതുതന്നെ ഏറ്റവും തരം താണകാര്യമാണ്. ഞാൻ സത്യവാനാണെന്നുള്ളതിന് മുകളിൽ വിവരിച്ചു വന്നതിനെക്കാൾ വലിയ തെളിവുകളുണ്ട്. ആയിരക്കണക്കിന് ദൃഷ്ടാന്തങ്ങൾ വെളിപ്പെട്ടു കഴിഞ്ഞു. അതിന് അത്രത്തോളം തന്നെ സാക്ഷികളുമുണ്ട്. വിശുദ്ധ ഖുർആൻ ഞാൻ

സത്യവാദിയാണെന്ന് വിളിച്ചോതുന്നു. താരതമ്യം ചെയ്ത് നോക്കുന്ന അവസരത്തിൽ ഏതെങ്കിലും കള്ളവാദിയെ സംബന്ധിച്ച് താങ്കൾ പറയുമ്പോൾ അതിനുള്ള തെളിവ് താങ്കളിൽ നിന്ന് ചോദിക്കുന്നതിന് എനിക്കവകാശമില്ലേ?

ദാറുഖുത്നിയിലെ ഹദീസിന്റെ വെളിച്ചത്തിൽ **സൂര്യചന്ദ്രഗ്രഹണം** എനിക്കുവേണ്ടിയല്ലാതെ മറ്റാർക്കെങ്കിലും വേണ്ടി വെളിപ്പെട്ടിട്ടുണ്ടോ എന്നു പറയുക. സ്വഹീഹായ ഹദീസിൽ രേഖപ്പെട്ടു കിടക്കുന്നതു പോലെ ആർക്കുവേണ്ടിയാണ് **പ്ലേഗ്** എന്ന മഹാമാരി പടർന്നു പിടിച്ചത്. ആർക്കുവേണ്ടിയാണ് **വാൽനക്ഷത്രം** ഉദിച്ചത്. **ലേഖരാം** തുടങ്ങിയവരെ പോലുള്ളവരുടെ അടയാളം ആർക്കു വേണ്ടിയാണ് വെളിപ്പെട്ടത്?

എന്നാൽ, **നദ്‌വത്തൂൽ ഉലമാ** തങ്ങളുടെ പേരിനെ അന്വർഥമാക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, ഇപ്പോൾ അവർക്ക് യഥാർഥ കാര്യം ഗ്രഹിക്കാൻ വേണ്ടി– ഹാഫിള് സാഹിബ് അവരിൽ നിന്ന് വല്ലതും കൈപറ്റുകയോ പറ്റാതിരിക്കുകയോ ചെയ്തുകൊള്ളട്ടെ– കള്ള നുബുവ്വത്തുവാദികൾ ഇരുപത്തിമൂന്ന് വർഷംവരെ സുരക്ഷിതരായി ജീവിച്ചിരുന്നുവെന്ന് അദ്ദേഹത്തെക്കൊണ്ട് സത്യം ചെയ്ത് പറയിക്കട്ടെ. വിശുദ്ധ ഖുർആനെപ്പോലെ ഇരുപത്തിമൂന്നു വർഷംവരെ തുടർച്ചയായി അവരുടെ വ്യാജ വഹ്‌യുകൾ നീണ്ടു നിന്നു എന്നതിന് അദ്ദേഹത്തോടു തെളിവുചോദിക്കുക. അതായത്, തങ്ങൾ ദൈവത്തിന്റെ നബിമാരാണെന്നും തങ്ങൾക്കു നല്കപ്പെടുന്ന വഹ്‌യുകൾ വിശുദ്ധ ഖുർആൻ പോലെ തന്നെ സുരക്ഷിതമാണെന്നും അതുപോലെ വിശ്വാസയോഗ്യമാണെന്നും അവർ

പറഞ്ഞിട്ടുള്ളത് എവിടെയാണെന്ന് അദ്ദേഹത്തോടു ചോദിക്കുക. അവരുടെ കാലത്തു ജീവിച്ചിരുന്ന മൗലവിമാർ അവർക്കെതിരെ കുഫ്ർഫത്വാ പുറപ്പെടുവിച്ചിരുന്നോ എന്ന കാര്യവും അഥവാ ഫത്വ കൊടുത്തിട്ടില്ലെങ്കിൽ അതിനുള്ള കാരണവും വ്യക്തമാക്കണം. ആ മൗലവിമാർ മൗനം അവലംബിച്ചുവെങ്കിൽ ദീനി കാര്യത്തിൽ അലസത കാണിച്ച അവർ കുറ്റക്കാരായിരുന്നില്ലേ എന്നും പറയണം. ആ കള്ളവാദികൾ മരിച്ചപ്പോൾ അവർ എവിടെയാണ് മറയടക്കപ്പെട്ടത്? മുസ്‌ലിം ഖബ്ർസ്ഥാനിലോ അതല്ല മറ്റുവല്ല സ്ഥലത്തോ? അവർ ഇസ്‌ലാമിക ഭരണത്തിൻ കീഴിൽ[1] വധിക്കപ്പെട്ടോ ? അതല്ല, സമാധാനപരമായിരുന്നോ അവരുടെ ജീവിതം? ഹാഫിള് സാഹിബിനോട് ഇതിന്റെയൊക്കെ തെളിവുകൾ ആവശ്യപ്പെടുക.

ഇതെല്ലാം കഴിഞ്ഞതിനുശേഷം എന്റെ ദൃഷ്ടാന്തങ്ങളെ സംബന്ധിച്ചും, വിശുദ്ധഖുർആനും ഹദീസുകളും എനിക്കു നല്കുന്ന തെളിവുകളെ സംബന്ധിച്ചും സ്വീകാരയോഗ്യമായ രേഖകൾ കാണുന്നതിനുവേണ്ടി നദ്‌വത്തുൽ ഉലമായുടെ തിരഞ്ഞെടുക്കപ്പെട്ട സംഘം ഖാദിയാനിൽ വരട്ടെ.എന്നിൽ നിന്ന് ഖുർആനികവും സുന്നത്തുപരവുമായ

---

1. ഇസ്‌ലാമിക ഭരണത്തിൻ കീഴിലാണെന്നുള്ളതിന് തെളിവുതരുമ്പോൾ ആ നുബുവ്വത്തുവാദി മുസ്‌ലിം ഖബ്ർസ്ഥാനിൽ മറയടക്കം ചെയ്യപ്പെട്ടിട്ടില്ലെന്നും അയാളുടെ ജനാസ നമസ്കരിച്ചിരുന്നില്ലെന്നും മാത്രം തെളിയിച്ചാൽ പോര. മറിച്ച് മതിയായ തെളിവിനുവേണ്ടി മുർത്തദ്ദായതിനാൽ അയാൾ വധിക്കപ്പെട്ടുവെന്നും സ്ഥാപിക്കണം. ഹാഫിള് സാഹിബ് ഒഴിഞ്ഞുമാറാതെ ഇക്കാര്യങ്ങളെല്ലാം തെളിയിച്ചാൽ അതു നാം സ്വീകരിക്കുന്നതാണ്.

തെളിവുകൾ അവർ വാങ്ങിക്കൊള്ളട്ടെ. അമ്പിയാ അല്യഹിമുസ്സലാമിന്റെ സുന്നത്തനുസരിച്ച് ഞാൻ തെളിവുകൾ പൂർണമായ നിലയിൽ നല്കിയിട്ടില്ലെങ്കിൽ എന്റെ ഗ്രന്ഥങ്ങളെല്ലാം ചുട്ടെരിച്ചുകളയാൻ എനിക്കു സമ്മതമാണ്. എന്നാൽ, ഇത്രയേറെ വിഷമങ്ങൾ അനുഭവിക്കേണ്ടിവരികയെന്നത് ദൈവനിയോഗിതരായ മനുഷ്യരുടെ സുന്നത്താകുന്നു. നദ്വയ്ക്ക് ഇത്രയധികം തലവേദന വലിച്ചു വയ്ക്കേണ്ട ആവശ്യമെന്ത്? ദൈവ ഭയത്തിന്റെ അടിസ്ഥാനത്തിൽ പരലോകത്തെ ലക്ഷ്യമാക്കി ചിന്തിക്കുന്നവരാണോ അവർ? എന്നാൽ, ഈ ദുൻയാവ് ശാശ്വതമല്ലെന്ന് നദ്വയിലെ ഓരോ പണ്ഡിതനും ഓർക്കുന്നത് നന്ന്. മരണം പിന്നിൽ നിന്ന് മാടി വിളിക്കുന്നു. അവരുടെ ദീൻ അവർ മുഴുകിയിരിക്കുന്ന കളിതമാശയാണ്. ഇതെല്ലാം അല്ലാഹു ആകാശത്തിൽ കണ്ടു കൊണ്ടിരിക്കുന്നു. അത് ദീൻ അല്ലെന്ന് അവനറിയാം. അവർ തൊലിയിൽ തൃപ്തിയടയുന്നവരാണ്. കഴമ്പിനെ സംബന്ധിച്ച് അജ്ഞരും. അവർ ഇസ്ലാമിന്റെ ഗുണകാംക്ഷികളല്ല. ദോഷകാംക്ഷികളാണ്. അല്പം ധിഷണാശക്തിയോ, ദൃശ്യശക്തിയോ അവർക്കുണ്ടായിരുന്നെങ്കിൽ, തങ്ങൾ അല്ലാഹുവിന്റെ മസീഹിനെ നിഷേധിച്ചു കൊണ്ട് ഈ ലോകത്ത് കൊടും പാപികളായിത്തീർന്നിരിക്കുകയാണെന്ന് അവർ മനസ്സിലാക്കുമായിരുന്നു. മരണാനന്തരം ഈ സത്യം എല്ലാവർക്കും മനസ്സിലാകുകതന്നെ ചെയ്യും.

നീ അമൃത്സറിൽ വന്നില്ലെങ്കിൽ ഭൂലോക കള്ളനായി കണക്കാക്കുമെന്ന് പറഞ്ഞ് ഹാഫിള് സാഹിബ് എന്നെ ഭീഷണിപ്പെടുത്തുന്നു. ഹാഫിള് സാഹിബ്, ഈ ദുൻയാവിന്റെ അവകാശിയാരാണ്? താങ്കളോ, അതോ അല്ലാഹുവോ?

നിങ്ങൾ ഇപ്പോഴും എന്നെ കള്ളവാദിയായിട്ടുതന്നെയല്ലേ മനസ്സിലാക്കുന്നത്. ഇനി ഇതല്ലാതെ വല്ല മാറ്റവും താങ്കൾക്കുണ്ടാകുമോ? നിങ്ങളുടെ ലോകത്തിന് നമ്മുടെ പക്കൽ എന്തു വിലയാണുള്ളത്? ഓരോ ജീവനും നില കൊള്ളുന്നത് എന്റെ അല്ലാഹുവിന്റെ കാലടിക്കീഴിലാണ്. വഴിവിട്ട് ചിന്തിക്കുന്ന മനുഷ്യാ, അല്ലാഹുവിന്റെ സഹായം എനിക്ക് നൽകിവരുന്ന അഭിവൃദ്ധിയെ സംബന്ധിച്ച് താങ്കൾക്കെന്തറിയാം? അസൂയാലു ആത്മഹത്യ ചെയ്താലും ഈ പുരോഗതി തടസ്സപ്പെടുകയില്ല.കാരണം ഇത് അല്ലാഹുവിന്റെ കരങ്ങൾ കൊണ്ടും അവന്റെ വാഗ്ദാനമനുസരിച്ചുമുള്ളതാണ്. മനുഷ്യഹസ്തങ്ങൾക്കിതിൽ പങ്കില്ല. അല്ലാഹു പഞ്ചാബിലും ഇന്ത്യയിലും മറ്റു ഭാഗങ്ങളിലും എന്റെ ജമാഅത്തിനെ നിറച്ചിരിക്കുന്നു. കുറഞ്ഞ വർഷം കൊണ്ട് ലക്ഷത്തിലേറെയാളുകൾ എനിക്കു ബയ്അത്തു ചെയ്തു. ദൈവ സന്നിധിയിൽ നിന്ന് സഹായം ലഭിക്കുന്നതാർക്കാണെന്ന് ഇപ്പോഴും താങ്കൾക്കു മനസ്സിലാകുന്നില്ലേ?

പ്ലേഗ് എന്ന മഹാമാരി പൊട്ടിപുറപ്പെട്ടതോടു കൂടി പതിനായിരത്തോളം ആളുകൾ എന്റെ ജമാ അത്തിൽ പ്രവേശിച്ചു. അല്പകാലങ്ങൾക്കുള്ളിൽ എന്റെ അനുയായികളെക്കൊണ്ട് ലോകം നിറയുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു.[1]

ഓ ഹാഫിള് സാഹിബ്, താങ്കൾ ആ പഴയ ഹാഫിളു തന്നെയല്ലേ?

---

1. ഈ ഗ്രന്ഥം വിവർത്തനം ചെയ്യുന്ന സമയത്ത് 148 രാഷ്ട്രങ്ങളിൽ അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് സ്ഥാപിതമായതായി യു കെ സമ്മേളനത്തിൽ (1995 ജൂലായ് 28–30) ഹസ്റത്ത് അമീറുൽ മുഅ്മിനീൻ മിർസാ ത്വാഹിർ അഹ്മദ് അയ്യദഹു ്പ്രഖ്യാപിച്ചു.. വിവ:

ഖാദിയാനിൽ ഒരു പ്രകാശം ഇറങ്ങിയെന്നും തന്റെ സന്താനങ്ങൾ അതിൽ നിന്നും അകന്നു പോയെന്നും മൗലവി അബ്ദുല്ല സാഹിബ് ഗസ്നവി പറയാറുണ്ടായിരുന്നതായി താങ്കളല്ലേ എന്നോട് നേരിട്ട് പറഞ്ഞത്. അഹോ. കഷ്ടം താങ്കൾ അബ്ദുല്ലാഹ് സാഹിബിനെ ഖബ്റിലും വേദനിപ്പിക്കുന്നു. അദ്ദേഹം പറഞ്ഞതിന് കടക വിരുദ്ധമായ മാർഗ്ഗം താങ്കൾക്ക് സ്വീകരിക്കേണ്ട ആവശ്യമെന്ത്? മുഹമ്മദ് യഅ്ഖൂബ് താങ്കളുടെ നേരെ സഹോദരനല്ലേ? അദ്ദേഹത്തോടു ഇത് സംബന്ധമായൊന്ന് അന്വേഷിക്കാമായിരുന്നില്ലേ ? ഖാദിയാനെ സംബന്ധിച്ച് താങ്കൾ പറഞ്ഞ അതേ കാര്യം-നിശ്ചയമായും ആ പ്രകാശം ഖാദിയാനിൽ ഇറങ്ങുമെന്നും അത് ഗുലാം അഹ്മദാണെന്നും മൗലവി അബ്ദുല്ല സാഹിബ് ഗസ്നവി തന്നോട് പറഞ്ഞിരുന്നുവെന്ന് ഏകദേശം പത്തു വർഷമായി മുഹമ്മദു യഅ്ഖൂബ് സാഹിബ് പറഞ്ഞു വരുന്നു. ഈ സാക്ഷ്യത്തിൽ താൻ ഉറച്ചു നിൽക്കുന്നതായി അദ്ദേഹം എന്നെ അറിയിച്ചിട്ടുമുണ്ട്. അദ്ദേഹമെഴുതിയ കത്ത് എന്റെ കൈവശമുണ്ട്.താങ്കൾ ഹാഫിളാണെന്നു പറയുന്നു. എന്നാൽ യഥാർത്ഥ ഹാഫിളിനെ വിശ്വസിക്കുന്നുമില്ല. ജനങ്ങളെ ഭയന്ന് കളവ് പറഞ്ഞുകൊണ്ടേയിരിക്കുന്നു. അബ്ദുല്ലാ സാഹിബ് ഗസ്നവിയുടെ ഉന്നതമായ ദർശനം അദ്ദേഹത്തോടൊപ്പം മണ്ണടിഞ്ഞു പോയോ എന്ന് ഞാൻ ചിന്തിച്ചു പോകുകയാണ്. കാരണം, താങ്കളെപ്പോലുള്ള അദ്ദേഹത്തിന്റെ വലിയ പിൻഗാമിപോലും അദ്ദേഹത്തെ തള്ളിപ്പറയുന്നു.

وَالسَّلَامُ عَلَى مَنِ اتَّبَعَ الْهُدَى

**മിർസാ ഗുലാം അഹ്മദ് ഖാദിയാനി**

**1902 ഒക്ടോബർ 4.**

## സർവമുസ്‌ലിംകൾക്കും സത്യമാർഗം തേടി വലയുന്നവർക്കും

### മഹത്തായൊരു സുവിശേഷം.

ഹസ്റത്ത് ഈസാ അലയ്ഹിസ്സലാമിന്റെ അസാധാരണമായ ജനനവും , വിശുദ്ധ ഖുർആന്റെ വ്യക്തമായ അധ്യാപനത്തിന് നേരെവിരുദ്ധമായി സ്ഥൂല ശരീരത്തോടെ ആകാശത്തിലേക്കുള്ള കയറ്റവും മരിക്കാതിരുന്നിട്ടും മരിച്ച നബിമാരുടെ ആത്മാക്കളുടെ ഇടയിൽ – അവരാണെങ്കിൽ ഒരു വിധത്തിൽ സ്വർഗത്തിൽ പ്രവേശിച്ചു കഴിഞ്ഞവരുമാണ്– പ്രവേശിക്കലുമെല്ലാം സത്യമായ ഒരു മതത്തിന് ഭൂഷണമായ വിശ്വാസകാര്യങ്ങളല്ല, കരിങ്കറയാണ്.

പാശ്ചാത്യ സൃഷ്ടിപൂജകർക്ക് നീണ്ടകാലമായി ഏകദൈവവിശ്വാസികളായ മുസ്‌ലിംകൾ ഒരു കടം വീട്ടാനുണ്ടായിരുന്നു.അജ്ഞരായ മുസ്‌ലിംകൾ ഈ കടം വീട്ടാനുണ്ടെന്ന് സമ്മ

തിച്ചു കൊണ്ടുതന്നെ പലിശയിനത്തിലും വലിയൊരു സംഖ്യ വർധിപ്പിച്ചു. ഇക്കാരണത്താൽ ലക്ഷക്കണക്കിന് മുസ്‌ലിംകൾ ളോഹ ധരിച്ച് മതപരിത്യാഗികളായി മാറി. ഈ കടം വീട്ടാൻ ഒരു പോംവഴിയും അവത്തുങ്ങൾ കണ്ടില്ല.

ക്രിസ്ത്യാനികളുടെ വാദം ഇങ്ങനെയാണ്, 'ഞങ്ങളൂടെ റബ്ബായ യേശുമിശിഹാ ദൈവത്തിന്റെ ശക്തി പ്രഭാവം കാണിച്ചു കൊണ്ട് ഉടലോടെ ആകാശത്തേക്ക് കയറിപ്പോയി. അവൻ ദൈവമായിരുന്നു. എന്നാൽ, നിങ്ങളുടെ നബിയ്ക്ക് ഹിജ്റത്ത് ചെയ്ത് മദീനവരെപോലും പറക്കാൻ കഴിഞ്ഞില്ല. ഥൗർ ഗുഹയിൽ മൂന്നു ദിവസംവരെ ഒളിച്ചിരിക്കേണ്ട ഗതികേടുണ്ടായി. അവസാനം വളരെ പണിപ്പെട്ട് മദീനയിലെത്തിയെങ്കിലും പ്രായം അദ്ദേഹത്തോടു കൂറു കാണിച്ചില്ല. പത്തു വർഷത്തിനു ശേഷം മരിച്ച് മണ്ണിന്നടിയിൽ മറയടക്കപ്പെട്ടു. എന്നാൽ യേശുമിശിഹാ സ്ഥൂല ശരീരത്തോടെ ഇന്നും ആകാശത്തിൽ ജീവിച്ചിരിക്കുന്നു, എന്നെന്നും ജീവനോടെ ഇരിക്കുകയും ചെയ്യും. അവസാനം അദ്ദേഹംതന്നെ ആകാശത്തിൽ നിന്നിറങ്ങിവന്ന് നീതി നടപ്പിൽ വരുത്തും. അദ്ദേഹത്തെ ദൈവമാണെന്ന് അംഗീകരിക്കാത്തവരെല്ലാം പിടിക്കപ്പെടുകയും അഗ്നിയിൽ എറിയപ്പെടുകയും ചെയ്യും.' ഈ ആക്ഷേപങ്ങൾക്കൊന്നും മുസ്‌ലിംകളുടെ പക്കൽ ഒരു മറുപടിയും ഉണ്ടായിരുന്നില്ല. അവാച്യമായ ലജ്ജയിലും എളിമയിലും അവർക്ക് ദിനങ്ങൾ തള്ളി നീക്കേണ്ടിവന്നു.

ഇപ്പോഴിതാ യേശുമിശിഹായുടെ ദൈവത്വം നല്ല വണ്ണം തെളിഞ്ഞിരിക്കുന്നു! ആകാശത്തിൽ കയറിപ്പോയതിന്റെ സകല രഹസ്യങ്ങളും പുറത്തായിരിക്കുന്നു. പുരാതനങ്ങളായ ആയിരക്കണക്കിന് മരുന്നുകളും കുറിപ്പടികളുമടങ്ങുന്ന പൗരാണിക വൈദ്യ ശാസ്ത്ര ഗ്രന്ഥങ്ങൾ ആദ്യകാലത്ത് റോമാക്കാരും യൂനാ

നികളും മജൂസികളും ക്രിസ്ത്യാനികളും അവസാനം മുസ്ലിംകളും ഭാഷാന്തരം ചെയ്ത്പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ ഒരു കുറിപ്പടി 'മർഹമേഈസാ' എന്ന പേരിലുള്ളതാണ്. ഈ മരുന്ന് ഹസ്റത്ത് ഈസായ്ക്കുവേണ്ടി അതായത് അദ്ദേഹത്തിന് കുരിശിൽ നിന്നുണ്ടായ മുറിവുകൾ ഉണക്കാൻ വേണ്ടി തയ്യാറാക്കപ്പെട്ടതായിരുന്നെന്ന് ആ ഗ്രന്ഥങ്ങളിൽ വിവരിച്ചിരിക്കുന്നു. കശ്മീരിൽ ഹ: ഈസാ (അ)യുടെ ഖബ്റും കണ്ടെത്തിയിരിക്കുകയാണ്. അറബിയിലും ഫാർസിയിലും ആയിരം വർഷങ്ങൾക്കു മുമ്പേ രചിക്കപ്പെട്ട ഗ്രന്ഥങ്ങളും അദ്ദേഹത്തിന്റെ മരണം സാക്ഷ്യപ്പെടുത്തുകയും ഖബ്റ് കശ്മീരിലാണെന്ന് പറയുകയും ചെയ്തിട്ടുണ്ട്.

ഇന്നിതാ പുതിയൊരു വാർത്ത നമുക്ക് ലഭിച്ചിരിക്കുന്നു. അത് മുസ്ലിംകൾക്കായി ഇന്ന് പെരുന്നാളൊരുക്കിയിരിക്കുകയാണ്. ഈയടുത്തകാലത്ത് യറുശലേം എന്ന സ്ഥലത്തു നിന്നു പത്രോസ്ഹവാരിയുടെ ഒപ്പോടു കൂടിയ പൗരാണിക അബ്റാനീ ഭാഷയിൽ എഴുതപ്പെട്ട ഒരു കത്ത് കിട്ടിയിരിക്കുന്നു. അത് എന്റെ 'കിശ്തിനൂഹ്' എന്നഗ്രന്ഥത്തിൽ ഞാൻ ചേർത്തിട്ടുണ്ട്. ഹസ്റത്ത് മസീഹ് കുരിശു സംഭവത്തിന് ഏകദേശം അമ്പതുവർഷത്തിനു ശേഷം ഈ ലോകത്തുവച്ചു തന്നെ മരിച്ചുവെന്ന് അതിൽ നിന്ന് വ്യക്തമാകുന്നു. ആ ലിഖിതം രണ്ടരലക്ഷം രൂപയ്ക്ക് ഒരു ക്രിസ്തീയ കമ്പനി വിലക്കുവാങ്ങി. പത്രോസിന്റെ കൈപ്പടയാണ് അതെന്ന് സ്ഥിരപ്പെട്ടുകഴിഞ്ഞിരിക്കുന്നു. പ്രബലമായ ഇത്രയധികം തെളിവുകൾ പ്രകടമായിട്ടും ഈസാ ഇന്നും ഉടലോടെ ജീവിക്കുന്നുവെന്ന അന്ധവിശ്വാസത്തിൽനിന്ന് പിൻമാറാതെ നില്ക്കുന്നത് ഭ്രാന്തല്ലെങ്കിൽ മറ്റെന്താണ് ?അനുഭവവേദ്യമാകുന്ന തെളിവുകളെ നിഷേധിക്കുവാൻ ആർക്കും സാധ്യമല്ല.

മുസ്‌ലിം ലോകമേ, നിങ്ങൾക്കാശംസകൾ! ഇന്ന് നിങ്ങൾക്ക് പെരുന്നാളാണ്. ആ പഴഞ്ചൻ വിശ്വാസം തള്ളിക്കളയുക. ഖുർആൻ അനുസരിച്ചുള്ള വിശ്വാസം ഇനിയെങ്കിലും കൈക്കൊള്ളുക. ഏറ്റവും ഒടുവിൽ കിട്ടിയ തെളിവ് ഹസ്റത്ത് ഈസായുടെ ഏറ്റവും മഹോന്നതനായ ഹവാരി രേഖപ്പെടുത്തിവച്ചിട്ടുള്ളതാണ്. തന്റെ സ്വന്തം വാക്കുകളിൽ അദ്ദേഹം ഇങ്ങനെ സാക്ഷി പറയുന്നു: 'ഞാൻ ഇബ്നുമർയമിന്റെ സേവകനാണ്. മർയമിന്റെ മകൻ മരിച്ച് മൂന്നു വർഷത്തിനുശേഷം എന്റെ തൊണ്ണൂറാമത്തെ വയസ്സിലാണ് ഞാൻ ഈ കത്തെഴുതുന്നത്.' പത്രോസിന്റേയും ഹസ്റത്ത് ഈസായുടേയും ജനനം ഏകദേശം അടുത്തടുത്താണെന്ന് വലിയ വലിയ ക്രിസ്തീയ പണ്ഡിതൻമാരും ചരിത്രവും സമ്മതിക്കുന്നുണ്ട്. കുരിശുസംഭവകാലത്ത് ഹസ്റത്ത് ഈസായുടെ പ്രായം ഏകദേശം മുപ്പത്തിമൂന്നും ഹസ്റത്ത് പത്രോസിന്റെ പ്രായം മുപ്പതിനും നാല്പതിനും ഇടയ്ക്കുമായിരുന്നു. (സ്മിത്സ് ഡിക്ഷണറി, വാല്യം 3, പേജ് 2446, മോട്ടീ ട്യൂലസ് ന്യൂ ടെസ്റ്റമെന്റ് ഹിസ്റ്ററി എന്നിവയും മറ്റു ചരിത്ര ഗ്രന്ഥങ്ങളും നോക്കുക.)

ഈ കത്തിനെ സംബന്ധിച്ച് അഗ്രഗണ്യരായ ക്രിസ്തീയ പണ്ഡിതൻമാർ ഗവേഷണം നടത്തുകയും ഇതു ശരിയാണെന്ന് വിധി പറയുകയും അതിൽ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഏതൊരു പുരോഹിതന്റെ ഗ്രന്ഥശാലയിൽ നിന്നാണോ ആ കത്ത് കണ്ടെടുത്തത്, അദ്ദേഹത്തിന്റെ ബന്ധുക്കൾക്ക് വലിയൊരു തുക അതിനു പകരം നല്കി അത് വാങ്ങിയ വിവരം ഞാൻ മുമ്പേ പറഞ്ഞുവല്ലോ. റോമൻ കത്തോലിക്ക വിശ്വാസിയുടെ ഗ്രന്ഥശാലയിൽ നിന്ന് പ്രസ്തുത കത്ത് കണ്ടെത്തിയതു തന്നെ അതിന്റെ സത്യതയ്ക്ക് മറ്റൊരു പ്രബലമായ തെളിവാണ്.

അവരാണെങ്കിൽ ഹസ്റത്ത് ഈസായെ മാത്രമല്ല ഹസ്റത്ത് മർയമിനേയും ദൈവമായി വിശ്വസിക്കുന്നവരാണ്. ആ പുരോഹിതൻ ഈ രേഖകൾ തന്റെ പഴയ പ്രസാദങ്ങളുടെ കൂട്ടത്തിൽ വച്ചിരിക്കുകയായിരുന്നു. കാരണം അത് പൗരാണിക അബ്റാനീ ഭാഷയിലായിരുന്നുവെന്നതുതന്നെ. എഴുത്തിന്റെ രീതിയും പുരാതനമാണ്. അതുകൊണ്ട് ഇതിലെ പ്രതിപാദ്യവിഷയം അദ്ദേഹത്തിന്നറിയില്ലായിരുന്നു. ഇതൊരു അടയാളമാണ്. ഹസ്റത്ത് പത്രോസിന്റെ ഈ കത്തിലൂടെ കിട്ടിയ വ്യക്തമായ പുതിയ തെളിവിന് പുറമേ ക്രിസ്ത്യാനികളിൽ ചില വിഭാഗക്കാർ വിശ്വസിക്കുന്നത് ബോധരഹിതനായ നിലയിൽ ക്രിസ്തുവിനെ കുരിശിൽ നിന്നിറക്കി ഒരു ഗുഹയുടെ ഉള്ളിൽ പാർപ്പിച്ച് മൂന്നു ദിവസത്തെ ചികിത്സയ്ക്കു ശേഷം ആരോഗ്യം വീണ്ടുകിട്ടിയ യേശു മറ്റേതോ ഭാഗത്തേക്കു പോയെന്നാണ്. അവിടെ ദീർഘനാൾ ജീവിച്ചിരുന്നുവെന്നും അവർ വിശ്വസിക്കുന്നു. ആംഗല ഭാഷയിലുള്ള ഗ്രന്ഥങ്ങളിൽ പ്രസ്തുത വിശ്വാസത്തെ സംബന്ധിച്ച്‌വിശദീകരണമുണ്ട്. ഇതിൽ സ്ട്രാസിന്റെ 'ന്യൂ ലൈഫ് ഓഫ് ജീസസ്', 'മോഡേൺ ഡൗട്ട് ആൻഡ് ക്രിസ്ത്യൻ ബിലീഫ്', 'സൂപ്പർ നാച്ചുറൽ റിലീജിയൻ' എന്നീ ഗ്രന്ഥങ്ങളിൽ നിന്നുള്ള ചില ഉദ്ധരണികൾ 'തുഹ്ഫ ഗോൾഡവിയ്യ' എന്ന ഗ്രന്ഥത്തിൽ ഞാൻ ചേർത്തിട്ടുണ്ട്.

**മിർസാ ഗുലാം അഹ്മദ് ഖാദിയാനീ**

**1902 ഒക്ടോബർ 6**

# അനുബന്ധം
# ഹസ്രത്ത് അഹ്മദ് (അ)ന്റെ വയസ്സിനെ സംബന്ധിച്ച പ്രവചനം

1905ൽ, തന്റെ ചരമത്തിനു മൂന്ന് വർഷം മുമ്പ് തൊട്ട് ഹസ്രത്ത് മിർസാ ഗുലാംഅഹ്മദുൽ ഖാദിയാനി (അ)ന്ന് തന്റെ ആസന്നമായ മരണത്തെപ്പറ്റി വെളിപാടുകൾ ലഭിച്ചുതുടങ്ങി. 1905ലെ വസന്തത്തിൽ തനിക്കുണ്ടായ ആദ്യത്തെ വെളിപാടുകളിൽ അല്ലാഹു അദ്ദേഹത്തെ ഇപ്രകാരം അറിയിച്ചു.

'നിന്റെ ജീവിതത്തിലെ നിശ്ചിതകാലാവധി തീരാറായി'.

അധികനാൾ കഴിയുന്നതിന്നുമുമ്പ് ആ കൊല്ലം തന്നെ ശരത്കാലത്ത് ഹസ്രത്ത് അഹ്മദ് (അ)കണ്ട ഒരു സ്വപ്നത്തിൽ അദ്ദേഹത്തിന്നു നിശ്ചയിക്കപ്പെട്ട കാലാവധിയിൽ ഒരു ചെറിയ അംശം മാത്രമേ ബാക്കിയുള്ളൂ എന്നും അല്ലാഹു അറിയിക്കുകയുണ്ടായി. ഒരു മാസം കഴിഞ്ഞു വീണ്ടും, മരണം വളരെ സമീപസ്ഥമാണെന്നു സൂചിപ്പിച്ചറിയിക്കുന്ന മറ്റൊരു സ്വപ്നം കൂടിയുണ്ടായി. എന്നാൽ താൻ ചെയ്തുതീർക്കേണ്ട ജോലികൾ മുഴുമിപ്പിക്കുന്നതിനു അല്പം കൂടി സമയം അനുവദിക്കണമെന്ന് അവിടുന്ന് ദൈവസന്നിധിയിൽ കേണപേക്ഷിച്ചു. പിൽക്കാലവർഷങ്ങളിൽ ഈ പ്രതിഭാസം നിരന്തരം ആവർത്തിച്ചുകൊണ്ടിരുന്നു. ഇതു സംബന്ധിച്ച് അവിടുത്തേക്ക് നൽകപ്പെട്ട ഒരു സുവിശേഷത്തിൽ അല്ലാഹു ഇപ്രകാരം അറിയിക്കുകയുണ്ടായി.

''നിന്നെ സന്തോഷിപ്പിക്കുന്നതെന്തോ അതു സ്വർഗ്ഗത്തിൽനിന്നു അവൻ ഇറക്കും. നമ്മുടെപക്കൽ നിന്നുള്ള ഔദാര്യവും നിശ്ചയിക്കപ്പെട്ട കാര്യവും നിനയ്ക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതു വളരെ സമീപസ്ഥമാണ്. ഞാനത് വിധിച്ചു കഴിഞ്ഞു.''

ആസന്നമായ മരണത്തെ കുറിച്ചു വിവരം നൽകിക്കൊണ്ട് ആവർത്തിച്ചാവർത്തിച്ചും ഗൌരവരൂപത്തിലും ലഭിച്ചുപോന്ന ഈ വെളിപാടുകൾ കാരണം തന്റെ അവസാനത്തെ ഒസ്യത്ത് എഴുതി വെക്കാൻ അദ്ദേഹത്തിനു അവസരം ലഭിച്ചു. അതിലദ്ദേഹം ഇപ്രകാരം പറഞ്ഞു:

''സർവ്വലോകപാലകനായ അല്ലാഹുവിന്നു ആദ്യമായി ഞാൻ സ്തുതി പറയുന്നു. അവന്റെ ദൂതനായ ഹസ്രത്ത് മുഹമ്മദിലും (സ) അവിടുത്തെ സന്താനപരമ്പരകളിലും അവിടുത്തെ സഖാക്കളിലുമെല്ലാം അല്ലാഹുവിന്റെ സമാധാനവും അനുഗ്രഹവും വർഷിക്കപ്പെടട്ടെ. ഒന്നിനു പിറകെ മറ്റൊന്നായി നിരന്തരം വന്നുകൊണ്ടിരുന്ന വെളിപാടുകളിൽ, എന്റെ ചരമം വളരെ അടുത്തിരിക്കുന്നുവെന്ന് അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നതിനാലും, ഇത് സംബന്ധിച്ച വെളിപാടുകൾ എനിക്ക്, എന്റെ ഉണ്മയെത്തന്നെ പിടിച്ചുകുലുക്കുന്ന രൂപത്തിലും, ഈ ലോകജീവിതത്തോട് എന്റെ ഹൃദയത്തിൽ വിരക്തി ഉണ്ടാക്കും വിധവും, ആവർത്തിച്ചാവർത്തിച്ചും ശക്തിയുക്തമായും എനിക്ക് ലഭിച്ചിരിക്കയാലും എന്റെ ചങ്ങാതിമാർക്കും എന്റെ എഴുത്തുകളിൽ നിന്നും ഫലമെടുക്കുന്നവർക്കും വേണ്ടി ചില ഉപദേശ നിർദ്ദേശങ്ങൾ കുത്തിക്കുറിക്കുന്നത് നന്നായിരിക്കുമെന്ന് കരുതുന്നു.'' (അൽവസിയ്യത്ത്, ഭാ. 2)

ഈ ഒസ്യത്ത് അവിടുത്തേക്ക് അല്ലാഹു അറിയിച്ചുകൊടുത്ത അനേകം വെളിപാടുകൾ അടങ്ങിയതായിരുന്നു. തന്റെ ' അവസാനം അടുത്തിരിക്കുന്നുവെന്നും' ഇത് സംഭവിക്കുന്നതിന് ഇനി വളരെ സമയമൊന്നും അവശേഷിച്ചിരിക്കുന്നില്ലെന്നും ഉള്ളതിനെക്കുറിച്ചായിരുന്നു ആ വെളിപാടുകൾ ഒരു മലക്ക് നിലം അളന്നുകൊണ്ടി

രിക്കുന്നതായും തന്റെ കബറിടത്തിനു നിശ്ചയിക്കപ്പെട്ട സ്ഥലത്ത് ആ മലക്ക് നിന്നതായും ഒരു ദർശനത്തിൽ താൻ കണ്ടു എന്നും അവിടുന്നു രേഖപ്പെടുത്തുകയുണ്ടായി.

ഹസ്രത്ത് അഹ്മദിന്റെ ചരമത്തെ സൂചിപ്പിച്ചുകൊണ്ടുള്ള ഇത്തരം വെളിപാടുകൾ ഉണ്ടായിക്കൊണ്ടിരുന്നപ്പോൾ തങ്ങളുടെ ഗുരുവര്യനും യജമാനനും തങ്ങളിൽനിന്ന് വേർപ്പെട്ടുപോകുന്നതിൽ ശിഷ്യർ ഭയപ്പെട്ടുകൊണ്ടിരുന്നെങ്കിലും എതിരാളികളിൽ പലരും ആ വെളിപാടുകളെ തങ്ങൾക്കനുകൂലമായി ചൂഷണം ചെയ്യാൻ കാത്തുനിൽക്കുകയായിരുന്നു. ഈ വെളിപാടുകൾതന്നെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഹസ്രത്ത് അഹ്മദിന്റെ അന്ത്യത്തെപ്പറ്റി അവർ പ്രവചനം പുറപ്പെടുവിക്കാനും ഒരുങ്ങി.

1905 ഡിസംബറിൽ 'അൽവസ്യത്ത്' പ്രസിദ്ധപ്പെടുത്തുന്ന വേളയിൽ 'റവ്യൂ ഓഫ് റിലിജ്യൻസ് ' എന്ന മാസികയിൽ ഹസ്രത്ത് അഹ്മദ് (അ) ഇപ്രകാരം എഴുതി:

'' കുറച്ച് ദിവസം മുമ്പ് ഞാനൊരു സ്വപ്നത്തിൽ ആരോ എനിക്കൊരു പുതിയ മൺകുടത്തിൽ അല്പം വെള്ളം നൽകിയതായി കണ്ടു. അതിൽ രണ്ടോ നാലോ കവിൾ വെള്ളം മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ അത് വളരെ തെളിഞ്ഞതും നിർമ്മലവും ആയിരുന്നു. അതോടൊപ്പം ' ജീവിതത്തിന്റെ ജലം ' എന്നൊരു വെളിപാടും ഉണ്ടായി''.

ഹസ്രത്ത് അഹ്മദിന്നുണ്ടായ ഇത്തരം വെളിപാടുകളുടെ അടിസ്ഥാനത്തിൽ, ആയിടയിൽ ഒരു കടുത്ത എതിരാളിയായിച്ചമഞ്ഞ ഡോ: അബ്ദുൽ ഹക്കീം ഖാൻ പട്ട്യാലവി അവിടുത്തെ ചരമനാൾ അറിയിച്ചുകൊണ്ടുള്ള പ്രവചനം പ്രസിദ്ധപ്പെടുത്തി. 10 മാസവും 11 ദിവസവും കൊണ്ട് ഹസ്രത്ത് അഹ്മദ് (അ) മരണപ്പെടുമെന്നതായിരുന്നു ആ പ്രവചനം. 1909 ജൂലായി 7ാം തീയ്യതി ആണ് ആ കാലാവധി അവസാനിക്കേണ്ടിയിരുന്നത്. 1907 ജൂലായി ഒന്നാം തീയ്യതി, തനിക്കു വെളിപ്പെടുത്തപ്പെട്ട പ്രകാരം ഹസ്രത്ത് അഹ്മദിന്റെ

ജീവകാലം ചുരുക്കിയതായും 14 മാസത്തിനുള്ളിൽ ചരമം സംഭവിക്കുന്നതാണെന്നും ഡോക്ടർ മറ്റൊരു പ്രവചനവും പ്രസിദ്ധപ്പെടുത്തി.

ഇതിനെത്തുടർന്ന്, ഡോക്ടർ അബ്ദുൽ ഹക്കീം ഖാനെ പിടികൂടുക മാത്രമല്ല ഹസ്രത്ത് അഹ്മദിന്റെ വയസ്സ് നീട്ടുന്നതാണെന്നും ശത്രുവിനെ അറിയിക്കാൻ നിർദ്ദേശിച്ചുകൊണ്ട് അല്ലാഹു ഹസ്രത്ത് അഹ്മദുൽ ഖാദിയാനിക്ക് വെളിപാടറിയിച്ചു.

1905 ഡിസംബർ മുതൽ രണ്ടോ മൂന്നോ കൊല്ലത്തിനുള്ളിൽ സംഭവിക്കാൻ പോകുന്ന തന്റെ മരണത്തെപ്പറ്റി ഹസ്രത്ത് അഹ്മദ് (അ) പുറപ്പെടുവിച്ച പ്രവചനത്തിന്റെ നേർപ്പകർപ്പായിരുന്നു അദ്ദേഹത്തിനെതിരായ ഡോക്ടർ അബ്ദുൽ ഹക്കീം ഖാന്റെ ദീർഘദർശനം. ഹസ്രത്ത് അഹ്മദിന്റെ പ്രവചനം കണിശമായും പുലരുന്നതാണെന്ന് ഉറച്ച വിശ്വാസമുണ്ടായിരുന്ന ഡോക്ടർ, ഹസ്രത്ത് അഹ്മദിന്റെ വെളിപാടുകളെ അടിസ്ഥാനമാക്കിത്തന്നെ തന്റെ പ്രവചനം കൃതിച്ചുണ്ടാക്കിയെന്നതിൽ അത്ഭുതപ്പെടാനില്ല. ഇത് തനിക്ക് തന്നെ നേരിട്ട് ലഭിച്ച വെളിപാടാണെന്ന് ശുദ്ധഗതിക്കാരായ ജനം വിശ്വസിച്ചുകൊള്ളുമെന്നാണ് ഡോക്ടർ കരുതിയത്. സ്വത ന്ത്രമായ ഒരു പ്രവചനം കൂടുതൽ വ്യക്തതയോടെ അയാൾ പ്രവചിക്കട്ടെ എന്നുള്ളതായിരുന്നു ദിവ്യമായ നിശ്ചയം. ശത്രുക്കളുടെ ഉദ്ദേശ്യങ്ങൾ താറുമാറാക്കുന്നതിന്ന് ഹസ്രത്ത് അഹ്മദിന്റെ വയസ്സ് നീട്ടിയിടുന്നതാണെന്ന ദിവ്യ അറിയിപ്പ് ഉണ്ടായപ്പോൾ ആശങ്കാകുലനായിട്ടാണ് ഡോക്ടർ ഹക്കീംഖാൻ തന്റെ ആദ്യപ്രവചനം റദ്ദാക്കി 1907നു ശേഷം 14 മാസത്തിനുള്ളിൽ അതായത് 1908 സെപ്തംബറിനുള്ളിൽ മരണം സംഭവിക്കുമെന്ന മറ്റൊരു പ്രവചനം പുറപ്പെടുവിക്കാൻ പ്രചോദിതനായത്. എന്നാൽ അതിലും ഉറച്ചുനിൽക്കാതെ 1908 ആഗസ്ത് 4ാം തീയ്യതിക്കു മുമ്പ് (സാവൻ 21നു മുമ്പ്) ഹസ്രത്ത് അഹ്മദ് മരണപ്പെടുമെന്ന് 1908 ഫിബ്രവരി 12ാം തീയ്യതി വെളിപാടുമുഖേന തന്നെ ദൈവം അറിയിച്ചതായി ഡോക്ടർ ഒരു പ്രഖ്യാപനം നടത്തി.

ഡോക്ടർ അബ്ദുൽഹക്കീംഖാന്റെ ഈ പ്രവചനം ഹസ്രത്ത് അഹ്മദ് (അ) ന്റെതന്നെ വെളിപാടുകളിൽ ഊന്നിക്കൊണ്ടുള്ള ഒന്നായിരുന്നതിനാൽ തന്റെ ശത്രുവിന്റെ പ്രവചനം തെറ്റിക്കുന്നതിന്ന് അല്ലാഹു തന്റെ ആയുസ്സ് നീട്ടുന്നതാണെന്ന് ഹസ്രത്ത് അഹ്മദ് (അ)ന്നു വിശ്വാസമുണ്ടായിരുന്നു. ആകയാൽ, മൂന്നാമതും തിരുത്തിയ ഡോക്ടറുടെ പ്രവചനത്തിൽ പ്രതികരിച്ചുകൊണ്ട് ഡോക്ടറുടെ പ്രവചനങ്ങളിൽനിന്നു അല്ലാഹു തന്നെ രക്ഷപ്പെടുത്തുന്നതാണെന്ന് ഹസ്രത്ത് അഹ്മദ് പ്രഖ്യാപിച്ചു ( ചശ്മയെ മഅ്രിഫ, ഭാഗം 322). ഹസ്രത്ത് അഹ്മദ് (അ) തന്റെ തന്ത്രങ്ങളെ തീരെ അവഗണിക്കുകയും പരമധീരത പ്രകടിപ്പിക്കുകയുമാണ് ചെയ്യുന്നതെന്ന് കണ്ടറിഞ്ഞ് ഡോക്ടർ തന്റെ പ്രവചനത്തിൽ നിലയുറക്കാതെ അത് പിന്നെയും ഭേദഗതി ചെയ്യുവാൻ തയ്യാറാകുകയാണുണ്ടായത്. ''1908 ആഗസ്ത് 4ാം തീയ്യതിക്കു മുമ്പായി മിർസാ സാഹിബ് മരണമടയുന്നതാണെന്ന പ്രവചനം അല്ലാഹു ദുർബലപ്പെടുത്തി'' എന്നദ്ദേഹം പിന്നീട് പ്രസ്താവിക്കാൻ പ്രചോദിതനാകുകയും ചെയ്തു. അങ്ങനെ 1908 മെയ് 8ാം തീയ്യതി 'പൈസാ അഖ്ബാർ' (ലാഹോർ), 'അഹ്ലെ ഹദീസ്' (അമൃത്സർ) എന്നീ പത്രങ്ങളുടെ പത്രാധിപന്മാർക്ക് എഴുതിയ കത്തിൽ ഡോക്ടർ അബ്ദുൽ ഹക്കീം ഖാൻ ഇപ്രകാരം അഭ്യർത്ഥിച്ചു;

'' മിർസായുടെ മരണത്തെ സംബന്ധിച്ചു ഏറ്റവും ഒടുവിലായി എനിക്കുണ്ടായ വെളിപാടുകൾ നിങ്ങൾ പ്രസിദ്ധം ചെയ്യുകയാണെങ്കിൽ ഞാൻ എത്രയും നന്ദിയുള്ളവനായിരിക്കും (1) മിർസാ മാരകമായ രോഗത്തിൽ 1965 സാവൻ 21ാം ദിവസം അതായത്, 1908 ആഗസ്ത് 4ാം തീയ്യതി മരണപ്പെടും. (2) മിർസായുടെ കുടുംബത്തിലെ ഒരു പ്രമുഖ വനിതയും അയാളോടൊപ്പം മരിക്കും''. ( പൈസ അഖ്ബാർ, ലാഹോർ, അഹ്ലെ ഹദീസ്, അമൃത്സർ, 1908 മെയ് 15)

ഹസ്രത്ത് അഹ്മദ് (അ) ന്റെ മരണത്തെക്കുറിച്ചു കണിശമായ ഒരു തീയ്യതി വ്യക്തമാക്കിക്കൊണ്ടു ഡോക്ടർ അബ്ദുൽ

ഹക്കീം ഖാന്റെ ഈ ഒടുവിലത്തെ പ്രവചനം അയാളുടെ കള്ളത്തരത്തിന്റേയും വഷളത്തത്തിന്റേയും വഞ്ചനയുടേയും സ്വയംകൃതമായ ഒരു കെണിയായി മാറുകയാണുണ്ടായത്. സർവ്വശക്തനായ അല്ലാഹു സത്യത്തിന്റെ വിരോധികളെ ഇപ്രകാരം കെണിയിൽപ്പെടുത്തുന്നു. അല്ലാഹുവിന്നു സ്തുതി! അങ്ങനെ ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) 1905 ഡിസംബറിൽ പ്രസിദ്ധപ്പെടുത്തിയ പ്രവചനം ദൈവം മുൻകൂട്ടി നിശ്ചയിച്ച പ്രകാരം പുലരുന്നതിനെ ആർക്കും ചൂഷണം ചെയ്യാനാവാത്ത സ്ഥിതിവിശേഷം സംജാതമായി.

ഡോക്ടർ അബ്ദുൽഹക്കീംഖാൻ ഇപ്പോൾ ഹസ്രത്ത് അഹ്മദിന്റെ മരണത്തെപ്പറ്റി കൃത്യവും കണിശവുമായ ഒരു പ്രവചനം പുറപ്പെടുവിച്ചിരിക്കയാണ്. അതായത്, 1908 ആഗസ്ത് 4ന് ഹസ്രത്ത് അഹ്മദ് ഖാദിയാനി (അ) മരണം പ്രാപിക്കുമെന്ന്!

എന്നാൽ, ഹസ്രത്ത് അഹ്മദ് (അ) 1908 മെയ് 26ന് ആണ് ചരമം പ്രാപിച്ചത്. അതോടെ, ഡോക്ടർ അബ്ദുൽഹക്കീംഖാന്റെ സ്വയംകൃതമായ പ്രവചനം കളവായിപുലർന്നുവെന്ന് പറയേണ്ടതില്ലല്ലോ ?

1907 ജൂലായ് 1 മുതൽ 14 മാസങ്ങൾക്കുള്ളിൽ ഹസ്രത്ത് അഹ്മദ് (അ) മരിക്കുമെന്നുള്ള ആദ്യ പ്രവചനം മാറ്റി 1965 സാവൻ 21ന് അതായത് 1908 ആഗസ്ത് 4നു മരണപ്പെടുമെന്നാക്കി മാറ്റിയത് വളരെ കഷ്ടമായി എന്ന് ലാഹോറിലെ 'പൈസ അഖ്ബാർ' പത്രം ഖേദിച്ചു പറയാൻ ഇടയായി. ഡോക്ടർ അബ്ദുൽ ഹക്കീം ഖാൻ തന്റെ ആദ്യപ്രവചനത്തിൽ ഉറച്ചു നിന്നിരുന്നെങ്കിൽ അദ്ദേഹത്തിന്റെ പ്രവചനം സത്യമായി പുലരുകയും ഹസ്രത്ത് അഹ്മദിന്റെ വിശ്വാസ്യത അപരിഹാര്യമാംവിധം നഷ്ടപ്പെടുകയും ചെയ്യുമായിരുന്നു എന്നുമവർ കൂട്ടിച്ചേർത്തു.

ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയുടെ കഠിനശത്രുവായിരുന്ന മൗലാനാ സനാഉല്ലാഹ് സാഹിബ് അമൃത്സരി ഇപ്രകാരം വിലപിച്ചു പറയാനിടയായി: " കഷ്ടം ! ഞങ്ങളീ വരികളെഴുതുന്നത്

അതീവ ദു:ഖത്തോടും വേദനപ്പെട്ട ഹൃദയത്തോടും കൂടിയാണ്. സത്യം തുറന്ന് പറയേണ്ടി വരുമ്പോൾ മറ്റെന്ത് ചെയ്യാനാകും? മിർസാ തന്റെ മരണം വളരെ അടുത്തു പോയിരിക്കുന്നുവെന്നു അല്ലാഹു തന്നെ അറിയിച്ചിരിക്കുന്നതായി ' അൽവസിയ്യ 'ത്തിൽ പ്രസിദ്ധം ചെയ്ത് കണ്ടപ്പോൾ തന്നെ ഞങ്ങൾക്ക് വലുതായ ഉൽക്കണ്ഠയായി രുന്നു. ഈ ലോകത്ത് നിന്ന് ആരെങ്കിലും വേർപെട്ടുപോകുമ്പോൾ ചിലർക്ക് ആശ്വാസം തോന്നും. ഇത് ഇത്രയും വേഗം സംഭവിക്കു മെന്ന് ഞങ്ങൾ പ്രതീക്ഷിച്ചതല്ല. അല്ലാഹു അദ്ദേഹത്തെ തന്റെ പാപ ങ്ങളിൽ പിടഞ്ഞുകൊണ്ടിരിക്കാൻ വിടുമെന്നാണ് ഞങ്ങൾ ആശി ച്ചത്.

''എന്നാൽ, ഡോ: അബ്ദുൽ ഹക്കീം ഖാൻ പട്യാലവി പ്ര ഖ്യാപിച്ചതനുസരിച്ച് ഇത് വേഗം തന്നെ സംഭവിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. ഡോ: ഇപ്രകാരം പ്രസ്താവിച്ചു; മിർസാ ഖാദിയാനിയെ കുറിച്ച് എനിക്കുണ്ടായ വെളിപാട് ദയവായി പ്രസിദ്ധപ്പെടുത്തിയാലും. അതിതാണ്; (1) മിർസാ 1965 സാവൻ 21ന് (1908 ആഗസ്ത് 4 നു) മാ രകമായ രോഗത്തിൽ മരണപ്പെടും. (2) മിർസായുടെ കുടുംബ ത്തിലെ ഒരു പ്രമുഖ വനിതയും അദ്ദേഹത്തോടൊപ്പം മരിക്കും'' (അഹ്‌ലെ ഹദീസ്, വാരിക, 15 – 5 – 1908)

'' എന്നിരിക്കിലും സത്യം തുറന്നു പറയാതിരിക്കാൻ നിർവ്വാ ഹമില്ല. ഡോ: ആദ്യം പറഞ്ഞതിൽ അതായത് , മിർസായുടെ മരണം 14 മാസത്തിനുള്ളിൽ സംഭവിക്കുമെന്ന പ്രവചനത്തിൽ അവസാനി പ്പിച്ചിരുന്നുവെങ്കിൽ, അദ്ദേഹം ഇപ്പോൾ ചെയ്തതുപോലെ ഒരു നിശ്ചിത ദിവസം ഉറപ്പിച്ചു പറയാതിരുന്നെങ്കിൽ 27ാം തീയ്യതിയത്തെ 'പൈസ അഖ്ബാർ' പത്രം പുറപ്പെടുവിച്ചതുപോലുള്ള ഒരാക്ഷേപം ഉയരുമായിരുന്നില്ലതന്നെ. പ്രവചനം സാവൻ 21ന് എന്നാക്കി മാ റ്റാതെ സാവൻ 21ാം തീയ്യതിക്കുള്ളിൽ എന്നുതന്നെ നില നിർത്തിയി രുന്നെങ്കിൽ അതൊരു അത്ഭുതപ്രവചനമായിരിക്കുമായിരുന്നു എന്ന് പൈസ അഖ്ബാർ എഴുതുകയുണ്ടായി. എന്നാൽ, മിർസാ സാവൻ

21ന് അതായത് ആഗസ്ത് 4ന് മരിക്കും എന്ന പ്രവചനം 1908 മെയ് 15ാം തീയ്യതിയത്തെ ' അഹ്ലെ ഹദീസ്' പത്രത്തിൽ പ്രസിദ്ധപ്പെടുത്താനിടയായത് കഷ്ടമായിപ്പോയി ! അദ്ദേഹം തന്റെ ആദ്യ വെളിപാടുകൾ മാറ്റിത്തിരുത്താതെ വിട്ടിരുന്നെങ്കിൽ, ഒരു ദിവസത്തെ പ്രത്യേകപ്പെടുത്തിപ്പറഞ്ഞില്ലായിരുന്നെങ്കിൽ എന്നു ഞങ്ങൾ ആശിച്ചുപോവുന്നു. അപ്പോൾ ഒരൊഴികഴിവ് പറയാൻ അവസരം ഉണ്ടാകുമായിരുന്നില്ല.'' (അഹ്ലെ ഹദീസ്, 1908 ജൂൺ 12). ആദ്യകാലത്ത് തന്നെ ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) ന്നുണ്ടായ വെളിപാടുകളിൽ ' അതാലല്ലാഹു ബഖാഅക്ക' എന്നു അറബിയിൽ ഒരു വാചകമുണ്ട്. അതായത് നിന്റെ വയസ്സ് ഞാൻ ദീർഘിപ്പിക്കും എന്ന്. തുടർന്ന്, ഉർദുവിൽ ഇപ്രകാരം പറയുന്നു: '' അസ്സീ യാ ഉസ്പർ പാഞ്ച്ചാർ സിയാദാ യാ പാഞ്ച്ചാർ കം '' (എൺപതോ അതിന്മേൽ അഞ്ചോ നാലോ അധികം അഥവാ, അഞ്ചോ നാലോ കുറവ്)

80ൽ അഞ്ചോ നാലോ കുറവ് ( അതായത് 75 അല്ലെങ്കിൽ 76) അഥവാ, 80ൽ അഞ്ചോ നാലോ അധികം അതായത് 85 അല്ലെങ്കിൽ 84 ആയിരിക്കും ഹസ്രത്ത് അഹ്മദ് (അ) ന്റെ വയസ്സെന്നു മുൻകൂട്ടി വെളിപാടുകളിൽ പ്രവചിക്കപ്പെട്ടു. മുകളിൽ വിവരിച്ചതുപോലെ തന്റെ വയസ്സിനെപ്പറ്റി അവിടുന്നുചെയ്യുന്ന പ്രവചനങ്ങളെ ആസ്പദമാക്കി ശത്രുക്കളും അതേതരത്തിൽ പ്രവചിക്കുമെന്നറിയുന്ന അല്ലാഹു കാലാവധി വ്യത്യാസപ്പെടുത്താവുന്ന വിധം 80ൽ ഊന്നിക്കൊണ്ട് തന്നെ ' നാലോ അഞ്ചോ കുറവ് അഥവാ നാലോ അഞ്ചോ അധികം' എന്ന വെളിപാട് അറിയിക്കുകയാണുണ്ടായത്. ഇതു കാരണം ശത്രുക്കൾക്ക് തങ്ങളുടെ പ്രവചനങ്ങൾ മാറ്റി മാറ്റി പറയേണ്ടി വന്നു. ഹസ്രത്ത് അഹ്മദിന്റെ ചരമദിനത്തെപ്പറ്റി ഖണ്ഢിതമായ പ്രവചനം ചെയ്ത ഡോ: അബ്ദുൽ ഹക്കീം ഖാൻ ഇളിഭ്യനായിത്തീരുകയും അദ്ദേഹത്തിന്റെ പ്രവചനം കളവായിപ്പുലരുകയും ചെയ്തു.

ഹസ്രത്ത് അഹ്മദ് (അ) തന്റെ വയസ്സിനെക്കുറിച്ചുള്ള പ്രവചനത്തെപ്പറ്റി ഇപ്രകാരം പറയുന്നു:

' ഔർ ജോ അൽഫാസ് വഹീ കെ വഅ്ദെ കെ മുതഅല്ലിഖ് ഹൈ(ൻ) വോ തോ ചെഔഹത്തർ(74) ഔർ ചെഹ്ത്തർ(76) കെ അന്തർ അന്തർ ഉമർ കീ തഅയ്യിൻ കർതേ ഹൈ(ൻ) (ബറാഹീൻ ഹിസ്സ പഞ്ചം, ഭാ 97) (വെളിപാടിലെ പദങ്ങളിലെ വാഗ്ദാനത്തെ സംബന്ധിച്ചിടത്തോളം എഴുപത്തിനാലിനും എഴുപത്തിആറിനും ഉള്ളിലുള്ള വയസ്സ് നിർണ്ണയിക്കുന്നു.)

ഈ പ്രവചന പ്രകാരം തന്നെ ഹസ്രത്ത് അഹ്മദ് (അ) സൗരവർഷം 74ാം വയസ്സിനോടടുത്തും ചാന്ദ്രവർഷപ്രകാരം 76ാം വയസ്സിലും ആണ് ചരമം പ്രാപിച്ചത്.

ആദ്യകാലത്ത് തന്നെ ഉണ്ടായ വെളിപാടുകളിൽ ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയുടെ വയസ്സ് എൺപതിനോടടുത്തായിരിക്കുമെന്ന് മുൻകൂട്ടി പ്രവചിക്കപ്പെട്ടതു നിശ്ചയമായും അത്ഭുതാവഹം തന്നെ.

## IN THIS BOOKLET

This booklet is the Malayalam version of the treatise published by Hazrath Mirza Ghulam Ahmad (Alaihissalam) the promised Messiah, entitled 'Tuhfatunnadva' in Urdu-meaning A presentation to Nadvi people. The translation was done by Moulana Ahmad Rasheed Sahib.

Publishers

**Price : 10/-**